# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.ksad.kerala.gov.in**

# കുളനട ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

## 2024-2025

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# ജില്ലാ ഓഡിറ്റ കാര്യാലയം
# പത്തനംതിട്ട-689645

**ഇ-മെയിൽ: dopta.ksad@kerala.gov.in**
**ഫോൺ : 0468-2223691**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: എൽ.എഫ്.പി.റ്റി.എ.പി11/1063/25


കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയതി: 22/09/2025
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691


ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കുളനട ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : കുളനട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കുളനട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: എൽ.എഫ്.പി.റ്റി.എ.പി11/1063/25 തീയ്യതി: 22/09/2025

# പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്തിന്റെ 2024-2025 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2024 മുതൽ 31-03-2025 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 27 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 27 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 19-08-2025

തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ അനിൽകുമാർ റ്റി | ഡെപ്യൂട്ടി ഡയറക്ടർ | 06-08-2025 | 10-08-2025 |
| ശ്രീ രഞ്ജിത്കുമാർ ജി | ഡെപ്യൂട്ടി ഡയറക്ടർ | 11-08-2025 | 19-08-2025 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 06-08-2025 | 19-08-2025 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. ചന്ദ്രശേഖരൻ ജി, ഓഡിറ്റ് ഓഫീസർ
ശ്രീമതി ലേഖ ജനാർദ്ദനൻ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ. അനിൽകുമാർ പി, അസസിറ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി കാവ്യ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ചിത്തിര സി. ചന്ദ്രൻ | പ്രസിഡന്റ് | 01-04-2024 | 31-03-2025 |
| ശ്രീമതി അംബിക സി. | സെക്രട്ടറി | 01-04-2024 | 31-03-2025 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ചാന്ദിനി പി. | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2024 | 31-03-2025 |
| ശ്രീമതി അനുദേവ വി.എസ്. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2024 | 31-03-2025 |
| ശ്രീമതി ചിത്ര എസ്.ബി. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2024 | 08-08-2024 |

| | | | |
|---|---|---|---|
| ശ്രീമതി അഖില കെ എം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 09-08-2024 | 31-03-2025 |
| ഡോ. മീര രവീന്ദ്രൻ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2024 | 31-03-2025 |
| ഡോ. റോഷിൻ എം. റെജി | വെറ്റിനറി സർജൻ | 01-04-2024 | 31-03-2025 |
| ഡോ. ജിനു ജി. തോമസ് | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 01-04-2024 | 31-03-2025 |
| ശ്രീമതി ലിനി ജേക്കബ് | കൃഷി ഓഫീസർ | 01-04-2024 | 31-03-2025 |
| ശ്രീമതി ലത ജി. | ഹെഡ്മിസ്ട്രസ് | 01-04-2024 | 31-03-2025 |
| ശ്രീമതി ആമിന സമദ് | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2024 | 11-03-2025 |
| ശ്രീമതി ചന്ദ്രലേഖ എൽ | ഡയറി ഫാം ഇൻസ്ട്രക്ടർ | 12-03-2025 | 31-03-2025 |
| ശ്രീമതി അമല ജിജി | ഫിഷറീസ് ഓഫീസർ | 01-04-2024 | 31-03-2025 |
| ഡോ. മാലതി ഡി. | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 01-04-2024 | 22-07-2024 |
| ഡോ സുനിത ജി എസ് | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 23-07-2024 | 31-03-2025 |
| ശ്രീ സതീഷ് വി പിള്ള | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ 1 | 01-04-2024 | 31-03-2025 |

# ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-1 |
| 3 | ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യതയില്ല | 1-1-2 |
| 4 | ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-3 |
| 5 | സ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല | 1-1-4 |
| 6 | ബജറ്റ് | 1-2 |
| 7 | സാമ്പത്തിക നില | 1-3 |
| 8 | ഗ്രാന്റ് വിനിയോഗം | 1-4 |
| 9 | പദ്ധതി അവലോകനം | 1-5 |
| 10 | ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-6 |
| 11 | ക്ഷേമപെൻഷൻ | 1-7 |
| 12 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 13 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 15 | പരിഷ്ക്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയില്ല | 1-11 |

| | | |
|---|---|---|
| 16 | ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 1-12 |
| 17 | കെട്ടിടത്തിന്റെ വാടക ഈടാക്കിയതിൽ കുറവ് | 1-13 |
| 18 | കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിക്കാതെ വസ്തുനികുതി നിർണ്ണയിച്ചു | 1-14 |
| 19 | കമ്മ്യൂണിറ്റി ഹാൾ വാടക കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ല | 1-15 |
| 20 | വസ്തുനികുതി പുനർ നിർണ്ണയം പൂർത്തിയാക്കിയില്ല | 1-16 |
| 21 | മാന്തുക സ്കൂളിലെ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ചില്ല | 1-17 |
| 22 | മരാമത്ത് പ്രവൃത്തികളുടെ കരാർ തയ്യാറാക്കുന്നതിൽ അപാകതകൾ | 1-18 |
| 23 | മാലിന്യം നിക്ഷേപിച്ചവരുടെ പേരിൽ ചുമത്തിയ പിഴ ഈടാക്കിയില്ല | 1-19 |
| 24 | ജൽ ജീവൻ മിഷൻ - പഞ്ചായത്തുതല മോണിറ്ററിംഗ് അനിവാര്യം | 1-20 |
| 25 | മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താവിന്റെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല | 1-21 |
| 26 | അർഹതയില്ലാത്തതിനാൽ ക്ഷേമപെൻഷൻ നിരസിക്കപ്പെട്ടവർക്ക് പുതിയ അപേക്ഷകളുടെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ചു നല്കി | 1-22 |
| 27 | ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു | 1-23 |
| 28 | പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല | 1-24 |

| | | |
|---|---|---|
| 29 | തെരുവു നായ്ക്കൾക്കും, വളർത്തു നായ്ക്കൾക്കും വാക്സിനേഷൻ - പദ്ധതികളുടെ മോണിട്ടറിംഗ് നടത്തിയില്ല. | 1-25 |
| 30 | മരുന്നുവാങ്ങൽ - കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 2.84 ലക്ഷം രൂപയുടെ മരുന്നുകൾ ലഭിക്കുവാൻ അവശേഷിക്കുന്നു. | 1-26 |
| 31 | സാക്ഷരത  തുല്യത പദ്ധതി - വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല | 1-27 |
| 32 | സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നല്കുന്നതിനു പദ്ധതികൾ നടപ്പിലാക്കുന്നില്ല | 1-28 |
| 33 | ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - സാമൂഹിക നീതി വകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടില്ല | 1-29 |
| 34 | അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നില്ല | 1-30 |
| 35 | ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം - അവലോകനം | 1-31 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ - വിവരങ്ങൾ | 4-1 |
| 2 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-2 |
| 3 | സംയുക്തപ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-3 |
| 4 | നിക്ഷേപ പ്രവൃത്തികൾ | 4-4 |

| | | |
|---|---|---|
| 5 | വായ്പ/വായ്പ തിരിച്ചടവ് | 4-5 |
| 6 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-6 |
| 7 | സ്ഥിര നിക്ഷേപം | 4-7 |
| 8 | ഓഡിറ്റ് റിക്കവറി | 4-8 |
| 9 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 10 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-10 |
| 11 | ഓഡിറ്റ് പ്രത്യവലോകനം | 4-11 |
| 12 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-12 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1
# പൊതു അവലോകനം

## 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 215(4) പ്രകാരം, 2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാനവൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 05.06.25-ലെ 3(1) കമ്മിറ്റി തീരുമാന പ്രകാരം തയ്യാറാക്കി 09.06.2025 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കുളനട ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2025-ന് അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31/03/2025 തീയതി വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/ മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും

ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

## <u>വിശേഷണങ്ങളോടു കൂടിയ അഭിപ്രായം</u>

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കുളനട ഗ്രാമപഞ്ചായത്തിന്റെ 2024-25 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**

**പത്തനംതിട്ട**
**22.09.2025**

## <u>1-1-1 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല</u>.

കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങൾ 2011, ചട്ടം 62 പ്രകാരമുള്ള അടിസ്ഥാന അനുപാതങ്ങൾ, പ്രധാനപ്പെട്ട അക്കൗണ്ടിംഗ് നയങ്ങളെക്കുറിച്ചുള്ള കുറിപ്പുകൾ എന്നീ പത്രികകൾ വാർഷികകണക്കിനൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

## 1-1-2 ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് - കൃത്യതയില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2024-25 കാലയളവിലെ "Net Increase In Cash And Cash Equivalents” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7754077 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2024-25 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity” ആയി രേഖപ്പെടുത്തിയിരിക്കുന്നത് 9124680 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പടേണ്ടതാണ്.

## 1-1-3 ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ്, വാടക എന്നീ വരുമാനങ്ങൾ സംബന്ധിച്ച ഡിമാന്റ് എൻട്രികൾ സമയ ബന്ധിതമായി രേഖപ്പെടുത്തിയിട്ടില്ല.

## 1-1-4 സ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല

സ്ഥിര ആസ്തികളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തി ആസ്തി ഡേറ്റാബേസ് കാലികമാക്കിയിട്ടില്ല. 26-07-2011-ലെ ജി.ഒ.(എം.എസ്.)നം.152/2011/ത.സ്വ.ഭ.വ., നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി പഞ്ചായത്ത് ആസ്തികളുടെ മൂല്യനിർണ്ണയം നടത്തി ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. സ്ഥിര ആസ്തി, ഉൽപാദന മേഖല ആസ്തി, സേവന മേഖല ആസ്തി, ഇൻഫ്രാസ്ട്രക്ച്ചർ ആസ്തി, സ്ഥാപന ആസ്തി, വിട്ടുകിട്ടിയ സ്ഥാപന ആസ്തി തുടങ്ങിയ ആസ്തി വിഭജന മാനദണ്ഡങ്ങളിലുള്ള ആസ്തി ഡേറ്റാബേസ് പൂർണ്ണമല്ല എന്നതിനാൽ വിവിധ മേഖലകളിലായുള്ള 31-03-2025-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള സ്ഥിര ആസ്തികളുടെ കൃത്യത വ്യക്തമല്ല. സചിത്ര സോഫ്റ്റ്വെയറിലെ വിവരങ്ങൾ കാലികമല്ല.

## 1-2 ബജറ്റ്

2024-25 സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 07/02/2024 തീയതിയിലെ 1-ാം നമ്പർ തീരുമാന പ്രകാരവും, ജനറൽ കമ്മിറ്റിയുടെ 12/02/2024 തീയതിയിലെ 1(1) നമ്പർ തീരുമാന പ്രകാരവും അംഗീകരിച്ചു. 50,53,197 രൂപ മുന്നിരിപ്പും 284861476 രൂപ പ്രതീക്ഷിത

വരവും 28,49,11,315 രൂപ പ്രതീക്ഷിത ചെലവും 50,03,358 രൂപ പ്രതീക്ഷിത നീക്കിയിരിപ്പും ഉള്ള ബജറ്റാണ് അംഗീകരിച്ചിട്ടുള്ളത്. പുതുക്കിയ ബജറ്റ് 27.02.2025 തീയതിയിലെ 2(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

## 1-3 സാമ്പത്തിക നില

| ഇനം | റസീറ്റ് & പേയ്മെന്റ് പത്രിക പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം |
|---|---|---|
| മുന്നിരിപ്പ് | 18383021 | |
| ഓഡിറ്റ് വർഷത്തെ വരവ് | 47975628 | 156013577 |
| ആകെ വരവ് | 66358649 | |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 40221551 | 156339754 |
| നീക്കിയിരിപ്പ് | 26137098 | |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് (അലോട്ട്മെന്റ് ലഭിച്ചത്) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് – ജനറൽ | 0 | 16521000 | 16521000 | 14545136 | 1975864 |
| വികസന ഫണ്ട് -എസ്.സി.പി | 0 | 10759000 | 10759000 | 9186525 | 1572475 |
| വികസന ഫണ്ട് -റ്റി.എസ്.പി | 0 | 0 | 0 | 0 | 0 |

| | | | | | |
|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ടൈഡ്) | 4169075 | 6053500 | 10222575 | 1415459 | 8807116 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് (അൺ ടൈഡ്) | 2022395 | 2783264 | 5044771 | 3585186 | 1459585 |
| | പലിശ | 239112 | | | |
| മെയിന്റനൻസ് ഗ്രാന്റ് - റോഡ് | 0 | 50941000 | | 25704489 | 25236511 |
| മെയിന്റനൻസ് ഗ്രാന്റ്- നോൺ-റോഡ് | 0 | 9206000 | | 8015299 | 1190701 |
| **സംസ്ഥാനാവിഷ്കൃത/കേന്ദ്രാവിഷ്കൃത ഫണ്ട്** | | | | | |
| ലൈഫ് – സംസ്ഥാനം വിഹിതം | 35000 | 0 | 35000 | 0 | 35000 |
| ശുചിത്വ മിഷൻ | 1945604 | 210000 | 2155604 | 342772 | 1812832 |
| ഐ.സി.ഡി.എസ്. | 1442930 | 2172776 | 3615706 | 1164138 | 2451568 |
| സാക്ഷരത | 0 | 0 | 0 | 0 | 0 |
| **ഹെൽത്ത് ഗ്രാന്റ്**<br>1. ഡയഗണസ്റ്റിക്ക് & ഇൻഫ്രാ സ്ട്രക്ചർ | 12434 | 364000 (പലിശ 578) | 376434 | 140464 | 236548 |
| 2. Towers PHC To CHC | 5085 | 587000 (പലിശ 542) | 592085 | 138042 | 454585 |

| | | | | | |
|---|---|---|---|---|---|
| ലൈബ്രറി ഗ്രാന്റ് | 0 | 14380 | 14380 | 14380 | 0 |
| ശബരിമല ഗ്രാന്റ് | 0 | 1084000 | 1084000 | 1084000 | 0 |
| ആയുഷ് ഗ്രാന്റ് | 739657 | 0 | 0 | 0 | 739657 |

2024-25 സാമ്പത്തിക വർഷം ജനറൽ പർപ്പസ് ഗ്രാന്റായി 16463772 രൂപ സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. സ്ഥാപനം ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ, വിവിധ ഫണ്ടിനങ്ങളുടെ സ്രോതസ്സിൽ കുറവ് ചെയ്ത തുക വരവിൽ (അലോട്ട്മെന്റ്) ഉൾപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ട് | ഇനം (സോഴ്സ് ഡിഡക്ഷൻ) | വരവ് തുക |
|---|---|---|
| വികസന ഫണ്ട് - ജനറൽ | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 692065 |
| | അങ്കണവാടി അധിക വേതനം | 1314000 |
| വികസന ഫണ്ട് (എസ്.സി.പി) | ലൈഫ് മിഷൻ വായ്പ തിരിച്ചടവ് | 50565 |

സർക്കാർ അനുവദിച്ച ഗ്രാന്റ് തുകകൾ പൂർണ്ണമായും വെബ് സാംഖ്യയിൽ വരവിലെടുത്തിട്ടില്ല. ചെലവിൽ ഈ തുക ഉൾപ്പെടുത്തിയിട്ടുമുണ്ട്. ആയതിനാൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ ചില ഇനങ്ങൾക്ക് നെഗറ്റീവ് ബാലൻസ് ആണ്. (ഉദാ. വികസന ഫണ്ട് - ജനറൽ)

## 1-5 പദ്ധതി അവലോകനം

2024-25 സാമ്പത്തിക വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| 288 | 162949817 | 215 | 72947274 | 73 | |

നിർവ്വഹണോദ്യോഗസ്ഥർ ആവിഷ്ക്കരിച്ചതും നടപ്പാക്കിയതുമായ പ്രോജക്ടുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അവിഷ്ക്കരിച്ച പ്രോജക്ടുകൾ | നടപ്പിലാക്കിയ പ്രോജക്ടുകൾ | അടങ്കൽ | ചെലവ് | % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 8 | 4906570 | 2478200 | 50.51 |
| വെറ്ററിനറി സർജൻ | 9 | 7 | 1281718 | 1158549 | 90.39 |
| മെഡിക്കൽ ഓഫീസർ – ആയുർവേദം | 3 | 3 | 1535000 | 1531477 | 99.77 |
| അസിസ്റ്റന്റ് സെക്രട്ടറി | 9 | 9 | 3734305 | 3259018 | 87.27 |
| സബ് ഇൻസ്പെക്ടർ – ഫിഷറീസ് | 3 | 3 | 110000 | 68500 | 62.27 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 23 | 15 | 49892637 | 12469346 | 24.99 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 15 | 15 | 6369412 | 4652792 | 73.05 |
| ഹെഡ്മിസ്ട്രസ് | 3 | 3 | 123500 | 100300 | 81.21 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 5 | 5 | 2683396 | 964713 | 35.95 |
| സെക്രട്ടറി | 38 | 32 | 8291333 | 6674797 | |

| | | | | | |
|---|---|---|---|---|---|
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 13 | 13 | 4361730 | 3389104 | 77.70 |
| അസിസ്റ്റന്റ് എഞ്ചിനിയർ | 155 | 98 | 79185216 | 35746569 | 45.14 |
| മെഡിക്കൽ ഓഫീസർ-ഹോമിയോ | 4 | 4 | 475000 | 453909 | 95.56 |
| **ആകെ** | 288 | 215 | 162949817 | 72947274 | |

സ്രോതസ്സിൽ കുറവു ചെയ്ത തുകകൾ അടങ്കൽ തുകയിൽ ഉൾപ്പെടുത്താത്തതിനാൽ സുലേഖ പത്രികയിലെ ആകെ അടങ്കൽ തുകയിൽ 2056630 രൂപയുടെ കുറവുണ്ടായിട്ടുണ്ട്.

## 1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 16.68 | 1709822 | 1709838.68 | 1704824 | 5014.68 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 19115153 | 19115153 | 19115153 | |

## 1-7 ക്ഷേമപെൻഷൻ

| ക്ഷേമ പദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| കർഷക തൊഴിലാളി പെൻഷൻ | 325 | 53,83,200 |

| | | |
|---|---|---|
| വിധവാ പെൻഷൻ | 873 | 1,25,68,100 |
| വാർദ്ധക്യകാല പെൻഷൻ | 2282 | 3,11,04,500 |
| അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 38 | 5,29,400 |
| ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 265 | 40,66,800 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.08.2025 തീയതിയിൽ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7296 (ഏഴായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ്റി ആറ് രൂപ) നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവിൽ തൃപ്തികരമാണ്. ജോലി വിഭജനം കൃത്യമായി തയ്യാറാക്കുന്നതിലും ഓഫീസ് ഉത്തരവുകൾ നടപ്പിലാക്കുന്നതിലും മികവു പുലർത്തിയിട്ടുണ്ട്. നികുതി നികുതിയേതര വരവുകൾ പിരിച്ചെടുക്കുന്നതിൽ മികച്ച പ്രവർത്തനം കാഴ്ചവയ്ക്കാൻ സാധിച്ചിട്ടുണ്ട്.

വിവിധ മേഖലകളിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ മോണിട്ടറിംഗ് നടത്തി വിലയിരുത്തൽ നടത്തുന്നതിൽ ശ്രദ്ധ ചെലുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിച്ചിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ മിനിട്ട്സ് അപൂർണ്ണമാണ്. ഭരണ സമിതി യോഗങ്ങളുടെ മിനിട്ട്സ് അംഗീകരിച്ച് അന്തിമമാക്കുന്നതിൽ ചട്ടങ്ങളിൽ പരാമർശിച്ചിട്ടുള്ള സമയ പരിധി പാലിച്ചിട്ടില്ല.

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വസ്തു വകകൾ അതിർത്തി നിർണ്ണയിച്ച് സംരക്ഷിക്കുന്നതിനു നടപടികൾ സ്വീകരിക്കേണ്ടതാണ്.
മാലിന്യ സംസ്കരണത്തിൽ പ്രധാന കേന്ദ്രമായി പ്രവർത്തിക്കേണ്ട എം.സി.എഫ്-നു സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. ടൂറിസം വികസനം ലക്ഷ്യമാക്കിയുള്ള പദ്ധതി പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ സാധിച്ചെങ്കിലും ലക്ഷ്യം കൈവരിച്ചിട്ടില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് ഏജൻസി | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 16.07.2025 മുതൽ 14.08.2025 വരെ | 2020-2025 | ലഭ്യമായിട്ടില്ല |

## 1-11 പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയില്ല

സ.ഉ(സാധാ)നം.1149/2024/എൽ.എസ്.ജി.ഡി തീയതി-27.06.2024 പ്രകാരം ഗ്രാമ പഞ്ചായത്തുകളിലെ തൊഴിൽനികുതി സ്ലാബുകൾ 01.10.2024 തീയതി പ്രാബല്യത്തിൽ പരിഷ്ക്കരിച്ചിരുന്നു. എന്നാൽ താഴെ ചേർക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2024 രണ്ടാം അർദ്ധ വർഷം പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | സ്ഥാപനം | ജീവനക്കാരന്റെ പേര് | റിട്ടേൺ പ്രകാരമുള്ള അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ടത് | കുറവ് | രസീത് നം/ തീയതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1. | വില്ലേജ് ഫീൽഡ് അസിസ്റ്റന്റ് | ലിജിത ക്ലീറ്റസ് | 65076 | 600 | 750 | 150 | 1240205654/ 15.03.2025 |
| 2. | ക്ഷീരോൽപാദക സഹകരണ സംഘം, കുളനട | മണിക്കുട്ടൻ | 44000 | 320 | 600 | 280 | 1240206484/ 29.03.2025 |
| 3. | എസ്. എൻ ബേക്കറി, കുളനട | വനജ | 54000 | 450 | 750 | 300 | 124206506/ 29.03.2025 |
| 4. | പൗർണ്ണമി മാർട്ട്, കുളനട | പ്രതീഷ് എ.എസ് | 60000 | 600 | 750 | 150 | 12402005/ 29.03.2025 |
| | | രാമചന്ദ്രൻപിള്ള | 54000 | 450 | 750 | 300 | |
| | | സോണിയ | 42000 | 320 | 600 | 280 | |
| 5 | സൺസ്റ്റാർ ഇൻഡസ്ട്രീസ് | ബജ്രലാൽ ശർമ്മ | 32000 | 450 | 600 | 150 | 1240203569/ 14.11.2024 |
| | | സുന്ദർ സിംഗ് | 32000 | 450 | 600 | 150 | |
| | | സുനിൽ ശർമ്മ | 32000 | 320 | 600 | 280 | |
| | | സുഖജ്ജത്ത | 32000 | 320 | 600 | 280 | |
| 6 | മണിമുറ്റത്ത് ഫിനാൻസ്, കുളനട | അശ്വതി എ.പിള്ള | 61500 | 600 | 750 | 150 | 1240204924/ 25.02.2025 |
| | | കാർത്തിക വി. നായർ | 61500 | 600 | 750 | 150 | |
| 7 | അമ്മ ആയുർവേദിക് ക്ലിനിക് | ഭാഗ്യ ഗോപിനാഥ് | 28800 | 320 | 450 | 130 | 1240204680/ 15.02.2025 |
| 8 | മനു ഏജൻസീസ് | ഹരികുമാരൻ പിള്ള | 66000 | 320 | 750 | 430 | 1240205250/ 07.03.2025 |

| | | | | | | | |
|---|---|---|---|---|---|---|---|
| | | സോമദാസ് എൻ.ജി | 60000 | 320 | 750 | 430 | |
| | **ആകെ** | | | | | **3610** | |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും പരിഷ്കരിച്ച നിരക്കിൽ തൊഴിൽ നികുതി ഈടാക്കാഞ്ഞത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറിയുടെ അടിസ്ഥാനത്തിൽ ക്രമ നം. 1, 2, 4, 5, 6എന്നീ സ്ഥാപനങ്ങളിൽ നിന്ന് കുറവ് വന്ന തുക ഈടാക്കിയിട്ടുണ്ട്. ക്രമ നം. 3 നിലവിൽ പ്രവർത്തനം അവസാനിപ്പിച്ചതായും, ക്രമ നം 4, 8 എന്നീ സ്ഥാപനങ്ങൾക്ക് കുറവ് വന്ന തുക അടവാക്കുന്നതിന് കത്ത് നല്കിയതായും അറിയിച്ചിട്ടുണ്ട്. തൊഴിലുടമ സമർപ്പിക്കുന്ന തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെന്റ് പരിശോധിച്ച് ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിരിക്കുന്നത് പരിഷ്കരിച്ച നിരക്കു പ്രകാരമാണെന്ന് ഉറപ്പാക്കേണ്ടതാണ്.

## 1-12 ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി വാണിജ്യ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

പഞ്ചായത്ത് പരിധിയിലുള്ള വാണിജ്യ സ്ഥാപനങ്ങളിലെ ലൈസൻസ് അപേക്ഷയിൽ സ്ഥാപന ഉടമ സാക്ഷ്യപ്പെടുത്തുന്ന ജീവനക്കാരുടെ എണ്ണത്തിനനുസൃതമായി തൊഴിൽ നികുതി ഈടാക്കുന്നില്ല. ഒരു അർദ്ധവർഷത്തിൽ അറുപതു ദിവസത്തിൽ കുറയാത്ത കാലയളവിൽ പഞ്ചായത്ത് പ്രദേശത്ത് ഒരു തൊഴിലിലോ കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നവരിൽനിന്ന് തൊഴിൽനികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 204-ാം വകുപ്പ് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ തൊഴിൽനികുതി ഒടുക്കാൻ ബാദ്ധ്യസ്ഥരായ എല്ലാവരെയും ഈ പരിധിയിൽ കൊണ്ടുവരുന്നില്ല. ഏതാനും ഉദ്ദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം. | സ്ഥാപനം | ലൈസൻസ് അപേക്ഷയിലെ ജീവനക്കാരുടെ എണ്ണം | തൊഴിൽ നികുതി ഈടാക്കിയ ജീവനക്കാരുടെ എണ്ണം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 1. | 2126/24 | ചക്കാലപ്പള്ളത്ത് ട്രേഡേഴ്സ് | 4 | 0 |
| 2. | 2430/24 | ആർ.ജി അസോസ്സിയേറ്റ്സ് | 3 | 0 |
| 3. | 2977/24 | രാജൻ ടിംബേഴ്സ് & സോമിൽ | 2 | 0 |
| 4. | 814/24 | ചിത്ര ടൈൽസ് | 5 | 0 |
| 5. | 3377/24 | ജിനോ എന്ററർപ്രൈസസ്സ് | 3 | 0 |
| 6. | 943/24 | വാലുകാലായിൽ സിമന്റ് ഏൻസീസ് | 4 | 0 |
| 7. | 3582/24 | ടെവിൻസ് ബേക്കേഴ്സ് & സൂപ്പർമാർക്കറ്റ് | 3 | 0 |
| 8 | 5165/24 | പോപ്പുലർ വാട്ടർ സർവീസ് സെന്റർ | 3 | 0 |

മേൽ ചേർത്തിട്ടുള്ളതിൽ ക്രമ നം 1, 4 എന്നിവ ഒഴികെയുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും, ഓഡിറ്റ് എൻകചയറിയുടെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. ക്രമ നം 1, 4 സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. തൊഴിൽ നികുതി ഒടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡേറ്റാബേസ് തയ്യാറാക്കേണ്ടതും പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വാണിജ്യ വ്യവസായ സ്ഥാപനങ്ങളിലെ എല്ലാ ജീവനക്കാരെയും തൊഴിൽ നികുതി പരിധിയിൽ കൊണ്ടു വരുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

## 1-13 കെട്ടിടത്തിന്റെ വാടക ഈടാക്കിയതിൽ കുറവ്

കാർഷിക വിപണി പ്രവർത്തിച്ചു വരുന്ന കെട്ടിടത്തിന്റെ വാടക ഈടാക്കിയതിൽ കുറവ്. ടി കെട്ടിടത്തിൻറെ പ്രതിമാസ വാടകയായി അസിസ്റ്റൻറ് എഞ്ചിനീയർ നിശ്ചയിച്ചിട്ടുള്ളത് 10168

രൂപയാണ്. എന്നാൽ ടി തുക കുറവ് ചെയ്ത് കൊടുക്കുന്നതിനായി അപേക്ഷ നല്കിയതിനെ തുടർന്ന് 30.04.2024-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 4(1)-ാം തീരുമാന പ്രകാരം പ്രതിമാസ വാടക 3000+ജി. എസ്.റ്റി-യായി നിശ്ചയിക്കുകയും, കമ്മിറ്റി തീരുമാന പ്രകാരമുള്ള കുറഞ്ഞ വാടക നിജപ്പെടുത്തുന്നതിന് സാധൂകരണം ലഭിക്കുന്നതിന് സർക്കാരിലേക്ക് 18.05.2024-ൽ കത്ത് നല്കുകയും ചെയ്തിരുന്നു. എന്നാൽ സർക്കാർ അനുമതി നാളിതുവരെ ലഭ്യമായിട്ടില്ല. ടി വിഷയത്തിൽ സാധൂകരണം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ പഞ്ചായത്ത് കമ്മിറ്റി നിശ്ചയിച്ച തുക വാടകയായി ഈടാക്കി വരികയാണ്. ടി വിഷയത്തിൽ സ്വീകരിച്ച തുടർ നടപടിയുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-14 കെട്ടിടത്തിന്റെ ഉപയോഗക്രമം പരിശോധിക്കാതെ വസ്തുനികുതി നിർണ്ണയിച്ചു

ഗ്രാമപ്പഞ്ചായത്തിലെ പത്താം വാർഡിൽ ശ്രീ.സായി കൃഷ്ണ സി.വി.യുടെ ഉടമസ്ഥതയിൽപ്രവർത്തിക്കുന്ന ചാങ്ങേത്ത് ആയുർവേദ ആശുപത്രിയുടെ വസ്തുനികുതി നിർണ്ണയത്തിൽ അപാകം നിലനിൽക്കുന്നു. പ്രസ്തുത സ്ഥാപനത്തിന്റെ, നിലവിലുള്ള X/121 B നമ്പർ കെട്ടിടത്തിനു മുകളിൽ 413.48 ച.മീറ്റർ നിർമ്മാണം നടത്തുന്നതിനുള്ള അനുമതിക്കായി അപേക്ഷയും അനുബന്ധ രേഖകളും സമർപ്പിച്ചിരുന്നു.

പെർമിറ്റിനുവേണ്ടി സമർപ്പിച്ചിട്ടുള്ള പ്ലാൻ പ്രകാരം, നിലവിലുള്ള കെട്ടിടങ്ങളിൽ, X/121B നമ്പർ കെട്ടിടം മാത്രമാണ് ആശുപത്രി എന്ന വിഭാഗത്തിലുള്ളത്. മറ്റ് കെട്ടിടങ്ങളെല്ലാം റെസിഡെൻഷ്യൽ ആണെന്ന് സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിലെ രേഖപ്പെടുത്തൽ പ്രകാരം, എല്ലാ കെട്ടിട ഭാഗങ്ങളും ആശുപത്രി എന്ന നിലയിൽ ച.മീറ്ററിന് ഏഴുരൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്.

സഞ്ചയ സോഫ്റ്റ്‌വെയറിൽ ലഭ്യമായ വിവരങ്ങൾ പ്രകാരം നിലവിലുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമം ചുവടെ പറയും പ്രകാരമാണ്.

| കെട്ടിട നം | വിസ്തീർണ്ണം (ച.മീ.) | ഉപയോഗക്രമം |
|---|---|---|

| | | |
|---|---|---|
| X/121 | 902.3 | ആശുപത്രി |
| X/121A | 135 | ആശുപത്രി |
| X/121B | 408.19+413.48+22.99= 844.66 | ആശുപത്രി |

14.08.2025-ൽ ഗ്രാമപ്പഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം ജീവനക്കാരുടെ സാന്നിദ്ധ്യത്തിൽ ഭൗതിക പരിശോധന നടത്തി. റീസർവ്വേ നം.521/5-4, 523/10, 523/11-1-ൽ ഉൾപ്പെട്ട 4023 ച.മീറ്റർ സ്ഥലത്താണ് സ്ഥാപനം പ്രവർത്തിച്ചുവരുന്നത്. പത്തനംതിട്ട ജില്ലാ നഗരാസൂത്രകന്റെ 12.08.2025-ലെ എൽ.എസ്.ജി.ഡി./ജെ.ഡി./പി.റ്റി.എ./4102/2025-TP2 ഉത്തരവ് പ്രകാരം ഭൂമിയുടെ വിനിയോഗത്തിനും കെട്ടിടങ്ങളുടെ വിന്യാസത്തിനും അനുമതി ലഭിച്ചിട്ടുണ്ട്.

ആശുപത്രിയുടെ ഭാഗമായി കൺസൾട്ടേഷൻ റൂമുകൾ, രോഗികൾക്കുള്ള കാത്തിരിപ്പ് കേന്ദ്രങ്ങൾ, തിരുമ്മ് ഉൾപ്പെടെയുള്ള ചികിൽസയ്ക്ക് ഉപയോഗിക്കുന്ന മുറികൾ, ഓപ്പൺ സ്പേസ് എന്നിവയുണ്ട്. ഇവ കൂടാതെ, X/121 നമ്പർ കെട്ടിടത്തിൽ ആറും, X/121A നമ്പർ കെട്ടിടത്തിൽ മൂന്നും, X/121B നമ്പർ കെട്ടിടത്തിൽ എട്ടും റൂമുകൾ വാടക ഈടാക്കി, രോഗികൾക്കും കൂട്ടിരിപ്പുകാർക്കും താമസ ആവശ്യത്തിനു നൽകിവരുന്നു. X/121 നമ്പർ കെട്ടിടത്തിന്റെ ഒരു ഭാഗത്ത് ക്യാന്റീൻ പ്രവർത്തിക്കുന്നു.

സഞ്ചയയിലെ വിവരങ്ങളും, പെർമിറ്റ് അപേക്ഷയോടൊപ്പം ഉടമ സമർപ്പിച്ച വിവരങ്ങളും തമ്മിലുള്ള പൊരുത്തക്കേട് സംബന്ധിച്ച് സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (27/16.08.2025) നൽകി. വിശദമായ പരിശോധന നടത്തി, തുടർ നടപടി സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഈ വിഷയത്തിൽ സ്വീകരിച്ച തുടർ നടപടിയുടെ വിവരം അറിയിക്കേണ്ടതാണ്.

## 1-15 കമ്മ്യൂണിറ്റി ഹാൾ വാടക കാലാനുസൃതമായി പരിഷ്കരിച്ചിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള പാണിൽ കമ്യൂണിറ്റി ഹാൾ, പുന്നക്കുന്ന് കമ്യൂണിറ്റി ഹാൾ എന്നിവയുടെ വാടക 500, 200 രൂപ നിരക്കിൽ 2011-12-ൽ പുതുക്കി നിശ്ചയിച്ചിരുന്നു. എന്നാൽ 13 വർഷത്തിന് ശേഷവും വാടക ഇതേ നിരക്കിൽ തുടരുകയാണ്. വാടക കാലാനുസൃതമായി

പരിഷ്കരിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരവും കമ്മ്യൂണിറ്റി ഹാൾ നടത്തിപ്പുമായി ബന്ധപ്പെട്ട ബൈലോ ഹാജരാക്കുന്നതിനും ഓഡിറ്റ് എൻകചയറി നല്കിയിരുന്നു. വാടക കാലാനുസൃതമായി പരിഷ്കരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് തീരുമാനിക്കുന്നതാണെന്ന് ഓഡിറ്റ് എൻകചയറിക്കു മറുപടി നൽകി. കമ്മ്യൂണിറ്റി ഹാൾ നടത്തിപ്പുമായി ബന്ധപ്പെട്ട ബൈലോ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നും ആയത് കണ്ടെത്തി ഓഡിറ്റിൽ ലഭ്യമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. കമ്മ്യൂണിറ്റി ഹാൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് അടിസ്ഥാന സൗകര്യം ഉറപ്പാക്കി വാടക കാലാനുസൃതമായി പരിഷ്കരിക്കുന്നതിനു നടപടി സ്വീകരിക്കേണ്ടതാണ്.

## 1-16 വസ്തുനികുതി പുനർ നിർണ്ണയം പൂർത്തിയാക്കിയില്ല

വസ്തുനികുതി നിർണ്ണയത്തിനുശേഷം തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റം വന്നിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയം നടപ്പാകാത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടം ഉണ്ടാകുന്നു.

തറവിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മാറ്റംവന്നിട്ടുള്ള കെട്ടിടങ്ങളുടെ നികുതി പുനർനിർണ്ണയിക്കുന്നതിനായി ഒരു പരിശോധനാ സംവിധാനം ഏർപ്പെടുത്തണമെന്ന് ജി.ഒ. (എം.എസ്.)നം.77/2023/ത.സ്വ.ഭ.വ. തീയതി 22.03.2023 നമ്പർ ഉത്തരവ് പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുരുന്നു. ഇതനുസരിച്ച് ഫീൽഡ് തല പരിശോധനയും ഡേറ്റ് എൻട്രി പ്രവർത്തനവും നടത്തുന്നതിന് ഒരു ഏജൻസിയെ പഞ്ചായത്ത് ചുമതലപ്പെടുത്തിയെങ്കിലും ആറ് വാർഡുകളിലെ വിവരശേഖരണം നടത്തിയശേഷം ഈ സ്ഥാപനം പ്രവർത്തനം അവസാനിപ്പിച്ചു.

ഗ്രാമപ്പഞ്ചായത്തിലെ അവശേഷിക്കുന്ന എട്ട് വാർഡുകളിലെയും കെട്ടിടങ്ങളുടെ വിവിരങ്ങൾ പരിശോധിച്ച് നികുതി പുനർ നിർണ്ണയിക്കുന്നതിനും അതുവഴി നികുതി വർധിപ്പിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിലേക്ക് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-17 മാന്തുക സ്കൂളിലെ ടോയ്‌ലറ്റ് നിർമ്മാണം പൂർത്തീകരിച്ചില്ല

വിവിധ വർഷങ്ങളിലായി 5.38 ലക്ഷം രൂപ ചെലവഴിച്ചിട്ടും മാന്തുക ഗവ.യു.പി.സ്കൂളിലെ ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം പൂർത്തിയായില്ല. സ്കൂളിന്റെ അതിരിനോട് ചേർന്ന് ടോയ്‌ലറ്റ് നിർമ്മിക്കുന്നതിനെതിരെ അയൽവാസി കോടതിയിൽ കേസ് ഫയൽ ചെയ്തതാണ് പ്രവൃത്തി മുടങ്ങാൻ കാരണമായത്. പത്തനംതിട്ട മുൻസിഫ് കോടതിയിൽ നിലവിലുള്ള OS 366- ാം നമ്പർ കേസ് തീർപ്പാകാത്തതിനാൽ വർഷങ്ങളായി പ്രോജകട് സ്പിൽ ഓവറായി തുടരുന്നു.

2021-22-ൽ 319289 രൂപയും 2022-23-ൽ 219174 രൂപയും ചെലവഴിച്ചതിനുശേഷമാണ് കോടതി വ്യവഹാരത്തിൽപ്പെട്ട് നിർമ്മാണം തടസ്സപ്പെട്ടത്. തുടർന്ന്, താലൂക്ക് സർവ്വേയർ മുഖേന സ്കൂളിന്റെ ഭൂമി അളന്ന് തിട്ടപ്പെടുത്തി കല്ലുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്കൂളിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽനിന്ന് (കുളനട വില്ലേജിൽ ബ്ലോക്ക് നം.06-ൽ റീസർവ്വേ നം.214/10ൽ ഉൾപ്പെട്ടത്). 0065 ഹെക്ടർ സ്ഥലം അയൽവാസി കൈവശപ്പെടുത്തിയിരിക്കുന്നതായി തഹസിൽദാർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സ്കൂളിൽ കുട്ടികളുടെ എണ്ണത്തിനനുസരിച്ച് ടോയ്‌ലറ്റ് സൗകര്യമില്ലെന്ന് ഹെഡ് മിസ്ട്രസ് അറയിച്ചിട്ടുണ്ട്. അതിനാൽ സ്കൂളിന്റെ ഭൂമിയിലെ കൈയേറ്റം അടിയന്തിരമായി ഒഴിപ്പിക്കുന്നതിനും, കേസ് തീർപ്പാകുന്ന മുറയ്ക്ക് ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം പൂർത്തീകരിക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 1-18 മരാമത്ത് പ്രവൃത്തികളുടെ കരാർ തയ്യാറാക്കുന്നതിൽ അപാകതകൾ

ഗ്രാമപ്പഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി കരാറുകാരും നിർവ്വഹണ ഉദ്യോഗസ്ഥനുമായി കരാർ ചമയ്ക്കുന്നതിൽ അപാകതകളുള്ളതായി ഫയലുകളുടെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പാലിക്കാതെ കരാർ ചമയ്ക്കുന്നതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

**1.** പിഴ ഈടാക്കാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയില്ല

മരാമത്തു പ്രവൃത്തികളുടെ നിർമ്മാണം കരാറെടുത്ത വ്യക്തികൾ കരാർ കാലയളവിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാതിരിക്കുന്ന സാഹചര്യമുണ്ടായാൽ സ്വീകരിക്കേണ്ട നിയമാനുസൃത

വ്യവസ്ഥകൾ ഉൾപ്പെടുത്താതെ കരാർ ചമച്ചിട്ടുള്ളതായി ഫയൽ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ടു. ശ്രീ. കെ.ജി. വിൽസൺ എന്ന കരാറുകാരനുമായി ഏർപ്പെട്ട കരാറുകളിലാണ് ഇപ്രകാരം ന്യൂനത ഉണ്ടായിട്ടുള്ളത്. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം, പ്രോജക്റ്റിന്റെ പേര് |
|---|---|
| 1. | 271/2024 - പ്ലാന്തോപ്പിൽപടി പള്ളിമുക്ക് റോഡ് മെയിന്റനൻസും റീടാറിംഗും വാർഡ് 1 |
| 2. | 277/2024 - കച്ചോരപ്പടി കുഴിക്കാട്ടുപടി റോഡ് മെയിന്റനൻസും റീടാറിംഗും വാർഡ് 10 |
| 3. | 286/2024 - എം.എസ്.സി.എൽ.പി.എസ്. പുഴുക്കുന്നേൽപടി എഴുവയൽപടി ചാങ്ങേത്തു റോഡ് മെയിന്റനൻസും റീ ടാറിംഗും വാർഡ് 11 |
| 4. | 115/2024 - പനങ്ങാട് മടത്തു വീട്ടിൽ പടി റോഡ് റീ ടാറിംഗ് മെയിന്റനൻസ് വാർഡ് – 12 |
| 5. | 278/2024 - മാന്തുക ക്ഷേത്രം മേസ്ലി ഭവൻ റോഡ് മെയിന്റനൻസും റീ ടാറിംഗും വാർഡ് 2 |

കരാറിൽ പിഴ ചുമത്തുന്നതിനുള്ള വ്യവസ്ഥ ഒഴിവാക്കിയതിന്റെ കാരണം തേടി അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഡിറ്റ് എൻക്വയറി (20/13.08.2025) നൽകി. എല്ലാ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ടെന്നും, നിയമാനുസൃത വ്യവസ്ഥകളെല്ലാം ഉൾപ്പെടുത്തി മാത്രം കരാർ ചമയ്ക്കാൻ ശ്രദ്ധിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കി. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

**2.** <u>കരാറിൽ പി.ഡബ്ല്യൂ.ഡി. മാന്വലിലെ വ്യവസ്ഥകൾക്ക് മാറ്റം വരുത്തി</u>

കരാർ കാലയളവിനുള്ളിൽ മരാമത്ത് പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാരിൽനിന്നും നിയമാനുസൃത ഫൈൻ ഈടാക്കുന്നതിനായി 2012-ലെ പി.ഡബ്ല്യൂ.ഡി. മാന്വലിൽ കൃത്യമായ

നിർദ്ദേശങ്ങളുണ്ട്. എന്നാൽ ഇത് പാലിക്കാതെ, നിലവിൽ പ്രാബല്യത്തിലില്ലാത്ത വ്യവസ്ഥകളുൾപ്പെടുത്തിയാണ് കരാർ ചമച്ചിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു.

കരാറുകാരന്റെ വീഴ്ചമൂലം പ്രവൃത്തി പൂർത്തീകരണത്തിന് കാലതാമസമുണ്ടായാൽ, കരാറുകാരൻ അപേക്ഷിക്കുന്ന പക്ഷം, കരാർ പ്രകാരമുള്ള സമയത്തിന്റെ 25% സമയം കൂടി PAC യുടെ ഒരു ശതമാനം പിഴ ഈടാക്കിക്കൊണ്ട് ദീർഘിപ്പിക്കാവുന്നതാണെന്നും, ഇത് മതിയാകുന്നില്ലെങ്കിൽ PAC യുടെ രണ്ടു ശതമാനം പിഴ ഈടാക്കി വീണ്ടും 25% സമയം കൂടി അനുവദിക്കാവുന്നതാണെന്നും പി.ഡബ്ല്യൂ.ഡി. മാന്വലിൽ നിർദ്ദേശമുണ്ട്. ഇപ്രകാരം പിഴയോടുകൂടി, അനുവദിച്ച സമയത്തിന്റെ ആകെ 50% സമയം അധികമായി അനുവദിക്കാവുന്നതാണ്.

എന്നാൽ, ഇപ്രകാരം വ്യവസ്ഥ ചെയ്യുന്നതിനു പകരം, **'മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ 20 ശതമാനം സമയം കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണെന്നും, പിന്നീട് വേണ്ടിവരുന്ന മൂന്നു മാസം വരെ സമയം കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും, പിന്നീട് വേണ്ടിവരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ രണ്ടു ശതമാനം വീതം പിഴ ചുമത്തിക്കൊണ്ടും കാലാവധി നീട്ടിക്കൊടുക്കുന്നതാണ് '** എന്നാണ് മരാമത്ത് പ്രവൃത്തികളുടെ എല്ലാ കരാറിലും രേഖപ്പെടുത്തിയിരിക്കുന്നത്.

2012-ലെ പി.ഡബ്ല്യൂ.ഡി. മാന്വലിലെ വ്യവസ്ഥകൾ പാലിക്കാതെ കരാർ ചമച്ചതു സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർക്ക് ഓഡിറ്റ് എൻക്വയറി (21/13.08.2025) നൽകി. എഗ്രിമെന്റ് കാലാവധി കഴിഞ്ഞിട്ടുള്ള എല്ലാ പ്രവൃത്തികൾക്കും ഫൈൻ ഈടാക്കിയിട്ടുണ്ടെന്നും പൂർത്തീകരിച്ചിട്ടുണ്ടെന്നും, പി.ഡബ്ല്യൂ.ഡി. മാന്വലിലെ വ്യവസ്ഥകൾ പാലിച്ചു മാത്രമേ ഇനിയുള്ള പ്രവൃത്തികളിൽ ഫൈൻ ഈടാക്കുകയുള്ളൂവെന്നും മറുപടി ലഭ്യമാക്കി.

ന്യൂനതകളോടെ തയ്യാറാക്കപ്പെടുന്ന കരാറുകൾക്ക് നിയമ സാധുത നഷ്ടപ്പെടും. ഇത് സ്ഥാപനത്തിന്റെ ഉത്തമ താല്പര്യത്തിനു അനുഗുണമല്ല. നിർമ്മാണ വേളയിൽ അപാകതകളുണ്ടായാലോ കാരണമില്ലാതെ പ്രവൃത്തി നിലച്ചുപോകുന്ന സാഹചര്യത്തിലോ

കരാറുകാർക്കെതിരെ നിയമ നടപടി അസാദ്ധ്യമാകുന്നതിനും ഇത് ഇടയാക്കും എന്ന വിവരം ശ്രദ്ധയിൽപ്പെടുത്തുന്നു. നിയമാനുസൃതം കരാർ ചമയ്ക്കുന്നതിന് ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-19 മാലിന്യം നിക്ഷേപിച്ചവരുടെ പേരിൽ ചുമത്തിയ പിഴ ഈടാക്കിയില്ല

പഞ്ചായത്ത് പ്രദേശത്ത് മാലിന്യം നിക്ഷേപിച്ചവർക്കുമേൽ ചുമത്തിയ പിഴ ഈടാക്കിയില്ല. ജൈവ, അജൈവ മാലിന്യം നിക്ഷേപിക്കുന്നതും അതുമൂലം നീർച്ചാലുകൾ മലിനപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ഗ്രാമപ്പഞ്ചായത്തും, ജില്ലാ എൻഫോഴ്സ്മെന്റ് സ്ക്വാഡും പ്രത്യേകം പരിശോധന നടത്തുകയും, കുറ്റക്കാർക്കെതിരെ 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 219-ാം വകുപ്പിന്റെ വിവിധ ഉപവകുപ്പുകൾ പ്രകാരം നടപടി സ്വീകരിക്കുകയും ചെയ്തിട്ടുള്ളതായി ഗ്രാമപ്പഞ്ചായത്ത് കമ്മറ്റി മിനുട്സ്, പ്ലാസ്റ്റിക് പിഴ ചുമത്തൽ രജിസ്റ്റർ എന്നിവയുടെ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ഫൈൻ അടയ്ക്കാൻ നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നൽകിയെങ്കിലും ഏതാനും വ്യക്തികൾ നാളിതുവരെ പിഴ ഒടുക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | മാലിന്യം നിക്ഷേപിച്ച വ്യക്തിയുടെ / സ്ഥാപനത്തിന്റെ പേര് | കണ്ടെത്തിയ നിയമ ലംഘനം | ചുമത്തിയ പിഴ |
|---|---|---|---|
| 1 | ശ്രീ. അബ്ദുൽ ഷുക്കൂർ, ഇരിഞ്ഞിക്കാമണ്ണിൽ,ഞെട്ടൂർ, കുളനട - ഗ്രീൻ ചിക്കൻ സെന്റർ | നിരോധിത പ്ലാസ്റ്റിക് ഉത്പന്നങ്ങളുടെ ഉപയോഗം | 10000 |
| 2 | ശ്രീ. പ്രമോദ്, മുകടിയിൽ, തുമ്പമൺ നോർത്ത് പി.ഒ | ശുചിമുറിയിലെ ജലം ഒഴുക്കിവിട്ടു | 50000 |
| 3 | ശ്രീ. സുനിൽകുമാർ.ജി, കോട്ടൂർ വടക്കേതിൽ, ഉള്ളന്നൂർ പി.ഒ. | നിരോധിത പ്ലാസ്റ്റിക്ക് | 5000 |

| | | | |
|---|---|---|---|
| | | ഉൽപന്നങ്ങളുടെ വില്പന | |
| 4 | ശ്രീ. ഗോപാലകൃഷ്ണക്കുറുപ്പ്, തയ്യിൽ, ഉള്ളന്നൂർ, കുളനട | -ടി- | 5000 |
| 5 | ശ്രീ. അജയ് കുമാർ കെ.പി., കുടുംബശ്രീ പ്രീമിയം കഫെ | സ്ഥാപന പരിസരത്ത് മാലിന്യം വലിച്ചെറിഞ്ഞത് | 5000 |
| 6 | ശ്രീ. അജയ് കുമാർ കെ.പി., കുടുംബശ്രീ പ്രീമിയം കഫെ | ജൈവ, അജൈവ മാലിന്യം വലിച്ചെറിഞ്ഞത് | 5000 |
| 7 | ശ്രീ. മാരിദുരൈ, മഹാലക്ഷ്മി ഭവനം, ഞെട്ടൂർ | സ്ഥാപന പരിസരത്ത് മാലിന്യം വലിച്ചെറിഞ്ഞത് | 5000 |
| 8 | ശ്രീ. പ്രദീപ്, എസ്.എൻ.ബേക്കറി | കേരള പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 219(V), 219(N), 219(I), 219(K) | 25000 |

**<u>അവലംബം</u>**

ക്രമ നം. 1&2 – ഗ്രാമപ്പഞ്ചായത്ത് കമ്മറ്റി മിനുട്ട്സ്

ക്രമ നം. 3 മുതൽ 9 വരെ - പ്ലാസ്റ്റിക് പിഴ ചുമത്തൽ രജിസ്റ്റർ

മേല്പറഞ്ഞ വ്യക്തികളിൽനിന്ന് പിഴ ഈടാക്കിയതിന്റെ വിവരം ലഭിക്കുന്നതിനായി സെക്രട്ടറിക്ക് ഓഡിറ്റ് എൻക്വയറി (23/13.082025) നൽകി. ശ്രീ.അബ്ദുൽ ഷുക്കൂറിനെതിരെ റവന്യൂ റിക്കവറി നടപടി സ്വീകരിച്ചിട്ടുണ്ടെന്നും, ശ്രീ. പ്രമോദിന്റെ പേരിൽ മന്ത്രിതല അദാലത്തിൽ എതിർകക്ഷി പരാതി നൽകിയിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി. മറ്റ് വ്യക്തികൾക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്നും അറിയിച്ചു. ഈവിഷയത്തിൽ സ്വീകരിച്ച തുടർ നടപടിയുടെ വിവരം ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 1-20 ജൽ ജീവൻ മിഷൻ - പഞ്ചായത്തുതല മോണിറ്ററിംഗ് അനിവാര്യം

ഗ്രാമീണ ഇന്ത്യയിലെ എല്ലാ വീടുകളിലും വ്യക്തിഗത ഗാർഹിക ടാപ്പ് കണക്ഷനുകൾ വഴി ശുദ്ധമായ കുടിവെള്ളം മതിയായ അളവിൽ നൽകുക എന്ന ലക്ഷ്യത്തോടെ രൂപീകൃതമായ പദ്ധതിയാണ് ജൽ ജീവൻ മിഷൻ. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ പങ്കാളിത്തത്തിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ നടപ്പിലാക്കുന്നതിനായി 2021-ൽ ആക്ഷൻ പ്ലാൻ തയ്യാറാക്കി അംഗീകാരം വാങ്ങി. കുളനട, മെഴുവേലി ഗ്രാമപഞ്ചായത്തുകൾക്കുവേണ്ടി 128.86 കോടി രൂപ അടങ്കൽ ഉള്ള ഒരു പ്രോജക്ടാണ് ആവിഷ്കരിച്ചിട്ടുള്ളത്. ഇതിൽ കുളനട പഞ്ചായത്തിന്റെ അടങ്കൽ 77.90 കോടി രൂപയാണ്. കേരള വാട്ടർ അതോറിറ്റി പ്രോജക്ട് ഡിവിഷൻ അടൂർ ആണ് നിർവ്വഹണ ഏജൻസി. കുടിവെള്ളം എത്തിക്കുന്നതിനായി കടലിക്കുന്ന് കുടിവെള്ള പദ്ധതിയുടെ ടാങ്ക് ഉപയോഗിക്കുന്നു. ഇതിനു സമീപം പുതിയ ടാങ്ക് നിർമ്മിക്കുന്നതിനുള്ള ഇനം എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്ത്, മെമ്പർ സെക്രട്ടറി, ജില്ലാ വാട്ടർ & സാനിറ്റേഷൻ മിഷൻ, കുടുംബശ്രീ സി.ഡി.എസ്. എന്നീ മൂന്ന് കക്ഷികളാണ് പദ്ധതി നിർവ്വഹണത്തിൽ പങ്കാളികളായിട്ടുള്ളത്.

### പദ്ധതിയുടെ നിലവിലെ സ്ഥിതി

പഞ്ചായത്തിൽ 6892 ഗാർഹിക കണക്ഷൻ നൽകാൻ ഉദ്ദേശിച്ചിട്ടുണ്ടെങ്കിലും നിലവിൽ എത്ര വീടുകളിൽ കുടിവെള്ളം എത്തിയിട്ടുണ്ടെന്ന വിവരം പഞ്ചായത്തിൽ ലഭ്യമല്ല. പദ്ധതിയുടെ ഭാഗമായി നാളിതുവരെ എത്ര ദൂരം പൈപ്പിട്ടു എന്ന കണക്കും ഇല്ല.
2024-ൽ പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും പദ്ധതി പ്രവർത്തനം

എങ്ങും എത്തിയിട്ടില്ല. പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് കുഴിച്ച റോഡുകൾ പൂർവ്വസ്ഥിതിയിൽ ആക്കാത്തത് മൂലം റോഡുകൾ പലതും താറുമാറായ നിലയിലാണ്. ജൽ ജീവൻ പദ്ധതി മൂലം തകർന്നുകിടക്കുന്ന റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വാർഡ് നം. | റോഡിന്റെ പേര് |
|---|---|
| 3. | പൈവഴി - ആലുനിൽക്കുന്നതിൽപ്പടി റോഡ് |
| | മാന്തുക ക്ഷേത്രം - കോടമ്പറമ്പിൽ റോഡ് |
| 10. | കരിപ്പോലിപ്പടി - മണ്ണാരേത്ത് റോഡ് |
| | വാളാക്കോട് പടി - തേവർതോട്ടം റോഡ് |
| | കുന്നത്ത് മുകടിയിൽ റോഡ് |
| 7. | പാണിൽ - ഉളനാട് റോഡ് |
| 6. | പുതുവാക്കൽ - വള്ളിക്കുന്ന് റോഡ് |
| | കരയോഗ മന്ദിരം - കല്ലുുവരമ്പ് റോഡ് |
| 16. | ഇടക്കടവ് ഭാഗം റോഡ് - ഇടപ്പനപ്പടി - ആലുനിൽക്കും മണ്ണിൽ |

എല്ലാവർക്കും കുടിവെള്ളം എന്ന ലക്ഷ്യം കൈവരിക്കുന്നതിന് വിവിധ വകുപ്പുകളുടെ ഏകോപനം ആവശ്യമാണ്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി, കെ.എസ്.ഇ.ബി., തദ്ദേശ സ്വയംഭരണ വകുപ്പ് എന്നിവയുടെ കൂട്ടായ പ്രവർത്തനത്തിന് ഗ്രാമപ്പഞ്ചായത്ത് മുൻകൈ എടുക്കേണ്ടതുണ്ട്. ജൽ ജീവൻ മിഷൻ പ്രവർത്തനം കൃത്യമായി മോണിറ്റർ ചെയ്യുന്നതിനും, പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുന്നതിനും പഞ്ചായത്ത് തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-21 മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താവിന്റെ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്തില്ല

സാമൂഹ്യ ക്ഷേമ പെൻഷൻ ലഭിച്ചിരുന്ന ഗുണഭോക്താവിന്റെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത ശേഷം മരണപ്പെട്ടയാളെ പെൻഷൻ ഡാറ്റാബേസിൽ നിന്നും യഥാസമയം സസ്പെന്റ് ചെയ്യാത്തതിനാൽ ടിയാന്റെ അക്കൗണ്ടിൽ തുടർന്നും പെൻഷൻ ക്രഡിറ്റ് ചെയ്തിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ വിവരം | പെൻഷൻ ഐ.ഡി | പെൻഷൻ ഇനം | മരണപ്പെട്ട തീയതി | പെൻഷൻ സ്റ്റാറ്റസ് | മരണ ശേഷം അക്കൗണ്ടിൽ ക്രഡിറ്റായ തുക |
|---|---|---|---|---|---|
| ശശി, 8/32 കുരുട്ടു മുകടി ചരുവിൽ വടക്കേതിൽ, ഉളനാട് പി.ഒ, കുളനട | 104250202841 | ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 08-09-2024 | ആക്ടീവ് | 22400 |

ക്ഷേമപെൻഷൻ വാങ്ങുന്നയാൾ മരണപ്പെടുകയും, ടിയാളുടെ മരണം സാമൂഹ്യ സുരക്ഷാ പെൻഷൻ അനുവദിച്ച പ്രാദേശിക സർക്കാരിൽ തന്നെ റിപ്പോർട്ടു ചെയ്യപ്പെടുകയുമാണെങ്കിൽ, റിപ്പോർട്ടു ചെയ്യപ്പെട്ട ദിവസംതന്നെ ടിയാന്റെ പേരിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ റദ്ദ് ചെയ്യേണ്ടതാണെന്ന് സർക്കാർ സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതാണ് (സർക്കുലർ നം.എസ്.എഫ്.സി.ബി/71/2017/ധന, തീ.22.09.2017). 22.11.24 തീയതിയിലെ സർക്കുലർ നം.65/2024/ധന പ്രകാരം സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താവ് മരണപ്പെട്ടശേഷം അനുവദിക്കുന്ന പെൻഷൻ/കുടിശ്ശിക തുകയ്ക്ക് അനന്തരാവകാശികൾക്ക് അർഹതയുണ്ടായിരിക്കുന്നതല്ല എന്ന് വ്യക്തത വരുത്തിയിട്ടുണ്ട്. മരണ ശേഷം അനുവദിച്ച പെൻഷൻ തുക ഗുണഭോക്താവിന്റെ അനന്താരവകാശികളിൽ നിന്നും തിരികെ ഈടാക്കുന്നതാണെന്ന് ഓഡിറ്റ് എൻകയറിക്ക്(26/16.08.2025) മറുപടിയായി അറിയിച്ചിട്ടുണ്ട്. മരണപ്പെട്ട ക്ഷേമപെൻഷൻ ഗുണഭോക്താവിന്റെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്തിട്ടുള്ള തുക അവരുടെ അനന്തരവകാശികളിൽനിന്ന് തിരികെ ഈടാക്കി വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-22 അർഹതയില്ലാത്തതിനാൽ ക്ഷേമപെൻഷൻ നിരസിക്കപ്പെട്ടവർക്ക് പുതിയ അപേക്ഷകളുടെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ചു

## നല്കി

സാമൂഹ്യക്ഷേമ പെൻഷൻ ലഭിക്കാൻ അർഹതയില്ലായെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ ആദ്യ ഘട്ടത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള അപേക്ഷകർ അപ്പീൽ നടപടികൾ ഒഴിവാക്കി പുതിയ അപേക്ഷകൾ സമർപ്പിക്കുകയും, ടി വ്യക്തികൾക്കു പെൻഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പെൻഷന് അർഹതയില്ലെന്ന് ആദ്യ ഘട്ടത്തിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ ഫീൽഡ് പരിശോധന നടത്തി റിപ്പോർട്ട് ചെയ്തിട്ടുള്ള, ചുവടെ ചേർക്കുന്ന വ്യക്തികൾക്കാണ് ഇപ്രകാരം വാർദ്ധക്യകാല പെൻഷൻ അനുവദിച്ചത്.

| ക്രമ നം. | പെൻഷൻ ഐ.ഡി | ഗുണഭോക്താവിന്റെ പേരു വിവരം | ആധാർ നമ്പർ | ഫയൽ നം., തീയതി | പെൻഷൻ നിരസിച്ചതിന്റെ കാരണം |
|---|---|---|---|---|---|
| 1 | 104250202991 | ലിസ്സി ജോർജ്, 7/366, നെല്ലികാലായിൽ ലിജി വില്ല, കൈപ്പുഴ നോർത്ത് പി.ഒ, കുളനട | 850885998428 | 2030/27.03.2023 | 2000 ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണം ഉള്ളതും ആധുനിക രീതിയിൽ ഫ്ലോറിംഗ് നടത്തിയതുമായ കോൺക്രീറ്റ് കെട്ടിടങ്ങൾ ഉണ്ട് |
| 2 | 104250202942 | വർഗീസ് ജോർജ്, 14/478, കിഴക്കേ പ്ലാവിളയിൽ, കൈപ്പുഴ, കുളനട | 428562572766 | 3353/14.10.2022 | 1000 സി.സി-യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള |

| | | | | | |
|---|---|---|---|---|---|
| | | | | | 4 ചക്ര വാഹനം ഉണ്ട് |
| 3 | 104250203238 | ശശിധരൻ പിള്ള പി. എൻ, 8/143, പാലനില്ക്കുന്നതിൽ (അഞ്ജനം) തുമ്പമൺ താഴം | 871791838534 | 2400/24.08.2022 | 1000 സി.സി-യിൽ കൂടുതൽ എഞ്ചിൻ കപ്പാസിറ്റിയുള്ള 4 ചക്ര വാഹനം ഉണ്ട് |

അന്വേഷണ ഉദ്യോഗസ്ഥൻ അനർഹരെന്ന് കണ്ടെത്തുകയും, പഞ്ചായത്ത് കമ്മിറ്റി അപേക്ഷ നിരസിക്കുകയും ചെയ്ത ടി ഗുണഭോക്താക്കൾക്ക് പെൻഷൻ അനുവദിക്കുന്നതിനുണ്ടായ സാഹചര്യം വിശദീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(നം.29/19.08.2025), മറുപടിയായി, മേൽപ്പറഞ്ഞ അപേക്ഷകർ പിന്നീട് സമർപ്പിച്ച അപേക്ഷകളിന്മേൽ അന്വേഷണം നടത്തി അർഹരെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ റിപ്പോർട്ട് നല്കിയതിനെ തുടർന്നാണ് വീണ്ടും പെൻഷൻ അനുവദിച്ചിട്ടുള്ളതെന്ന് അറിയിച്ചു. ക്രമ നം.(1), (2) അപേക്ഷകർ പെൻഷന് അനർഹരെന്ന് കണ്ടത്തി രണ്ട് മാസത്തിനു ശേഷം പുതിയ അപേക്ഷ സമർപ്പിക്കുകയും, അന്വേഷണ ഉദ്യോഗസ്ഥൻ പരിശോധനയിൽ യോഗ്യരാണെന്ന് റിപ്പോർട്ട് നല്കുകയും തുടർന്ന് ക്രമ നം(1)-ന് 26.05.2023-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരവും ക്രമ നം(2)-ന് 31.12.2022-ലെ കമ്മിറ്റി തീരുമാന പ്രകാരവും പെൻഷൻ അനുവദിച്ചു നല്കുകയാണുണ്ടായത്. ക്രമ നം(3)-ലെ അപേക്ഷകൻ 20.03.2025-ൽ പുതിയ അപേക്ഷ നല്കുകയും അന്വേഷണ ഉദ്യോഗസ്ഥൻ അർഹനെന്ന് റിപ്പോർട്ട് ചെയ്തതിനെ തുടർന്ന് 30.06.2025-ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം പെൻഷൻ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പെൻഷൻ നിരസിക്കപ്പെട്ട അപേക്ഷകർ അപ്പീൽ നടപടികൾ ഒഴിവാക്കി പുതിയ അപേക്ഷകൾ സമർപ്പിക്കാനിടയായ സാഹചര്യം പരിശോധിക്കപ്പെടേണ്ടതാണ്. പ്രസ്തുത ഗുണഭോക്താക്കളുടെ അർഹത സംബന്ധിച്ച വിഷയത്തിൽ പുന: പരിശോധന നടത്തേണ്ടതാണ്. വിഷയത്തിലേക്കു ഭരണ വകുപ്പിന്റെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-23 ലൈഫ് ഭവന പദ്ധതി - ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിക്കാൻ അവശേഷിക്കുന്നു

### ലൈഫ് ഭവനപദ്ധതി - ഭവനനിർമാണം പൂർത്തിയാക്കാൻ അവശേഷിക്കുന്നു

ലൈഫ് ഭവന പദ്ധതിയുമായി ബന്ധപ്പെട്ട് 2020-21 മുതൽ 2023-24 വരെയുള്ള കാലയളവിൽ ഗ്രാമപ്പഞ്ചായത്തുമായി കരാറിലേർപ്പെട്ട 26 ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേര്/ അഡ്രസ് | വാർഡ് നം | എഗ്രിമെന്റ് വെച്ച തീയതി | നൽകിയ തുക |
|---|---|---|---|---|
| 1 | ശ്രീമതി രാജി ആർ, മുകുടിയിൽ രേഖ ഭവനം, ഇലവുംതിട്ട | 9 | 24-07-20 | 100000 |
| 2 | ശ്രീമതി രജിത പി, മുകുടിയിൽ, ഇലവുംതിട്ട | 9 | 11-02-20 | 100000 |
| 3 | ശ്രീ. ചന്ദ്രബാബു, മണകുളങ്ങര മേലേതിൽ | 16 | 11-02-20 | 300000 |
| 4 | ശ്രീമതി ശശികല, കൊച്ചു പ്ലാവു നിർക്കുന്നതിൽ, ഉള്ളനാട് | 5 | 20-12-21 | 200000 |
| 5 | ശ്രീമതി തേവി/അജയൻ, മേലേതിൽപുതിയ വീട്, മാന്തുക | 15 | 25-02-21 | 240000 |
| 6 | ശ്രീ. പ്രസാദ്, ചക്കുവള്ളിയിൽ, മാന്തുക | 2 | 25-02-21 | 200000 |
| 7 | ശ്രീ. രാജേഷ്, അമ്മൂമ്മ കാവിൽ മേലേതിൽ, | 2 | 08-07-22 | 200000 |

| | | | | |
|---|---|---|---|---|
| | മാന്തുക | | | |
| 8 | ശ്രീ. സജി റ്റി.ബി, ചിഞ്ചു ഭവനം,<br>ഉളനാട് പി.ഓ | 7 | 11-02-22 | 200000 |
| 9 | ശ്രീ. സിബു, സിന്ധു സദനം, കൈപ്പുഴ നോർത്ത് | 7 | 22-02-22 | 300000 |
| 10 | ശ്രീമതി രാധാമണി, ചീങ്കല്ലുപുറത്ത്, ഇടപ്പുര, പനങ്ങാട് പി.ഒ | 12 | 30-07-22 | 40000 |
| 11 | ശ്രീമതി അർച്ചന, സന്തോഷ് ഭവനം, കൈപ്പുഴ നോർത്ത്, ഉളനാട് | 5 | 20-09-22 | 20000 |
| | ശ്രീമതി കുട്ടി, മുളമൂട്ടിൽ, കൈപ്പുഴ നോർത്ത് | 5 | 07-02-23 | 300000 |
| 12 | ശ്രീ. രവീന്ദ്രൻ നായർ, തെക്കേടത്ത്<br>കിഴക്കേതിൽ, പനങ്ങാട് P.O | 12 | 13-02-23 | 200000 |
| 13 | ശ്രീമതി ശ്രീലേഖ, സുമേഷ് ഭവൻ,<br>കുളനട പി.ഒ | 15 | 16-02-23 | 300000 |
| 14 | ശ്രീമതി ചന്ദ്രിക, മഹേഷ് ഭവനം, കൈപ്പുഴ നോർത്ത് പി. ഒ, | 5 | 05-04-23 | 200000 |
| 15 | ശ്രീ. അനന്തകൃഷ്ണൻ | 12 | 24-04-23 | 40000 |
| 16 | ശ്രീമതി ജാനമ്മ, പുത്തൻപുര മേലേതിൽ, | 8 | 16-01-23 | 40000 |

| | | | | |
|---|---|---|---|---|
| | തുമ്പമൺ നോർത്ത് | | | |
| 17 | ശ്രീ. മധു, മംഗലത്തിൽ തടത്തിൽ, കുളനട | 5 | 03-01-23 | 300000 |
| 18 | ശ്രീ. വിഷ്ണു മനോഹരൻ, വിഷ്ണു ഭവനം, തുമ്പമൺ നോർത്ത് | 12 | 07-02-23 | 300000 |
| 19 | ശ്രീ. രഘുനാഥൻ, ചെട്ടിയാവിളയിൽ, കുളനട | 14 | 10-02-23 | 400000 |
| 20 | ശ്രീ. രാമചന്ദ്രൻ വി.റ്റി, വട്ടകാവുംങ്കൽ, ഉളനാട് | 8 | 06-03-23 | 370000 |
| 21 | ശ്രീ. സനോജ്, വടക്കേ കാളുവാലിൽ, ഉളനാട് പി.ഒ | 7 | 25-03-23 | 40000 |
| 22 | ശ്രീമതി സരസ കെ, മുട്ടാണിമേമുറിയിൽ, തുമ്പമൺ നോർത്ത് | 9 | 18-04-23 | 300000 |
| 23 | ശ്രീമതി രാജമ്മ, പുത്തൻപറമ്പിൽ കിഴക്കേതിൽ, ഉള്ളന്നൂർ പി.ഒ | 4 | 19-04-23 | 300000 |
| 24 | ശ്രീമതി സുമ, മംഗലത്തിൽ തടത്തിൽ, കുളനട | 8 | 24-04-23 | 300000 |
| 25 | ശ്രീ. ചന്ദ്രൻ, ഇടവട്ടത്ത് കൊച്ചയ്യത്ത്, പനങ്ങാട് | 6 | 17-05-23 | 300000 |
| 26 | ശ്രീമതി പുഷ്പവല്ലി, കോണത്ത് മൂലയിൽ, | 11 | 05-10-23 | 200000 |

| | | | | |
|---|---|---|---|---|
| | ഉളനാട് പി.ഒ | | | |

2. വീട് വാസയോഗ്യമാക്കൽ പദ്ധതി - പണി പൂർത്തീകരിച്ചില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്/അഡ്രസ് | വാർഡ് നം. | എഗ്രിമെന്റ് വെച്ച തീയതി | നൽകിയ തുക |
|---|---|---|---|---|
| 1 | രാധ, മുരുപ്പുകാലായിൽ, കൈപ്പുഴ നോർത്ത് | | 31-05-25 | 50000 |

മേൽ ഗുണഭോക്താക്കൾ പണി പൂർത്തീകരിക്കാത്തതിന്മേൽ സ്വീകരിച്ച തുടർനടപടികളുടെ വിവരം ആരാഞ്ഞു നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 24/14-08-25), പണി പൂർത്തീകരിക്കുന്നതിനു ഗുണഭോക്താക്കൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും, പണി പൂർത്തീകരിക്കാതെ ആദ്യ ഘട്ടത്തിൽത്തന്നെ തുടരുന്നവരിൽ നിന്നും പണം തിരികെ ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുന്നതാണെന്നും വി.ഇ.ഒ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കേണ്ടതും നിർമ്മാണ പുരോഗതി തുടർച്ചയായ മോണിട്ടറിംഗിനു വിധേയമാക്കേണ്ടതുമാണ്.

## 1-24 പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നില്ല

ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകളുടെ പതിനാലാം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖയിലെ [സ.ഉ(കൈ) നം. 84/2022/ ത.സ്വ.ഭ.വ തീ. 19/04/2022] ഖണ്ഡിക 14-ൽ പദ്ധതികളുടെ മോണിട്ടറിംഗ് നടത്തുന്നതിന്റെ ആവശ്യകത, നടപടിക്രമങ്ങൾ എന്നിവ പ്രതിപാദിച്ചിട്ടുണ്ട്. പ്രോജക്ട് മോണിട്ടറിംഗ് അതാതു വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. മോണിട്ടറിംഗ് കമ്മിറ്റി പ്രോജക്ടിന്റെ പ്രാരംഭ ഘട്ടത്തിലും, പുരോഗമന ഘട്ടത്തിലും, പൂർത്തീകരണ ഘട്ടത്തിലും പ്രോജക്ട് ലക്ഷ്യങ്ങൾ വിലയിരുത്തി അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്. നിർവ്വഹണ ഘട്ടത്തിൽ പ്രോജക്ടിന്റെ ഗുണമേന്മയും കാര്യക്ഷമതയും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി മോണിട്ടറിംഗ് കമ്മിറ്റിയ്ക്കു അഭിപ്രായങ്ങളോ നിർദ്ദേശങ്ങളോ നിർവ്വഹണ ഉദ്യോഗസ്ഥനു നൽകാവുന്നതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്ത് 2024-25-ൽ നടപ്പിലാക്കിയ

പദ്ധതികളുടെ കാര്യത്തിൽ മേൽ പരാമർശിച്ചതു പ്രകാരമുള്ള മോണിട്ടറിംഗ് നടത്തിയിട്ടില്ല. പദ്ധതികൾ ലക്ഷ്യം കൈവരിച്ചതു സംബന്ധിച്ച് പ്രാദേശിക തലത്തിൽ വിലയിരുത്തൽ നടത്താതിരിക്കുന്നതു ഗുരുതരമായ വീഴ്ചയാണ്. വിഷയത്തിലേക്കു ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-25 തെരുവു നായ്ക്കൾക്കും, വളർത്തു നായ്ക്കൾക്കും വാക്സിനേഷൻ - പദ്ധതികളുടെ മോണിട്ടറിംഗ് നടത്തിയില്ല.

തെരുവു നായ്ക്കൾക്കും, വളർത്തു നായ്ക്കൾക്കും വാക്സിനേഷൻ നടപ്പിലാക്കുന്നതിനായി രണ്ടു പദ്ധതികൾ വെറ്ററിനറി സർജൻ മുഖേന നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) തെരുവുനായ്ക്കൾക്കു പേവിഷബാധയ്ക്കെതിരെ പ്രതിരോധ കുത്തിവെയ്പ്പ്

പ്രോജക്ട് നം : 335/25

അടങ്കൽ : 100000 (വികസനഫണ്ട്)

ചെലവ് : 100000

എല്ലാ വാർഡുകളിലും പേവിഷ ബാധ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായിവളർത്തു നായ്ക്കൾക്കും, തെരുവു നായ്ക്കൾക്കും വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. സാമ്പത്തിക വശകലനം ചുവടെ ചേർക്കുന്നു.

വാക്സിനും അനുബന്ധ സാധനങ്ങളും വാങ്ങൽ - 10000

പബ്ലിസിറ്റി – 5000

വാഹനചെലവ് – 25000

ഡോഗ് ക്യാച്ചേഴ്സിനുള്ള തുക – 50000

മറ്റു ചെലവുകൾ – 10000

തെരുവു നായ്ക്കളെ പിടിച്ച ഇനത്തിൽ ഡോഗ് ക്യാച്ചറിനു നൽകുന്നതിനാണ് ഒരു ലക്ഷം രൂപയും ചെലവഴിക്കപ്പെട്ടിട്ടുള്ളത്. മറ്റുള്ള ഇനങ്ങൾക്കായുള്ള ചെലവുകൾ, വളർത്തു നായകൾക്കു

വാക്സിനേഷൻ നടത്തുന്നതിനായി നടപ്പിലാക്കിയ രണ്ടാമത്തെ പദ്ധതിയിലാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

24.01.25 ,25.01.25 എന്നീ തീയതികളിൽ 209 തെരുവു നായ്ക്കളെ പിടിച്ചതിനു, നായ ഒന്നിനു 500 രൂപ നിരക്കിൽ 104500 രൂപ ജയകുമാർ കെ.ഡി എന്ന വ്യക്തി ആവശ്യപ്പെടുകയും, അടങ്കൽ തുകയിൽ പരിമിതപ്പെടുത്തി 100000 രൂപ അനുവദിച്ചു നൽകുകയും ചെയ്തു. രണ്ടു ദിവസങ്ങളിലായി 209 തെരുവു നായകളെ പിടികൂടി വാക്സിനേറ്റ് ചെയ്തതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഇപ്രകാരമുള്ള പ്രവൃത്തി നടന്നതായി ബന്ധപ്പെട്ട വാർഡ് മെമ്പർമാർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല. ഇക്കാരണത്തിൽ പദ്ധതി വിജയകരമായിരുന്നോ എന്ന് ഉറപ്പാക്കാൻ സാധിച്ചിട്ടില്ല.

2) <u>വളർത്തുനായ്ക്കൾക്കു പേവിഷബാധയ്ക്കതിരെ പ്രതിരോധ കുത്തിവെയ്പ്പ്</u>

പ്രോജക്റ്റ് നം : 164/25

അടങ്കൽ : 15000 (വികസനഫണ്ട്)

ചെലവ് : 15000

പേവിഷ ബാധ നിയന്ത്രണ പ്രവർത്തനങ്ങളുടെ ഭാഗമായി എല്ലാ വളർത്തു നായ്ക്കൾക്കും, വാക്സിനേഷൻ ക്യാമ്പുകൾ സംഘടിപ്പിക്കുക എന്നതായിരുന്നു പദ്ധതിയുടെ ലക്ഷ്യം. ഗതാഗത ചെലവ്, സംഘാടനം, മരുന്നുകൾ അനുബന്ധ സാമഗ്രികൾ എന്നിവയ്ക്കാണ് തുക വകയിരുത്തിയിട്ടുള്ളത്. 18.11.24 മുതൽ 23.11.24 വരെയുള്ള വിവിധ ദിവസങ്ങളിൽ ക്യാമ്പ് സംഘടിപ്പിച്ചതിനു 15000 രൂപ ചെലവഴിച്ചിട്ടുണ്ട്.

വാക്സിനേഷൻ നൽകിയ നായകളുടെ ഉടമസ്ഥർക്ക് അവയെ വളർത്തുന്നതിനുള്ള ലൈസൻസ് ഉണ്ടായിരുന്നോ എന്നു ഉറപ്പാക്കിയിട്ടില്ല. ലൈസൻസ് ഇല്ലാത്ത പക്ഷം ലൈസൻസ് എടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടില്ല.

പദ്ധതിയുടെ മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

മേൽ പരാമർശിച്ച കാരണങ്ങളാൽ രണ്ടു പദ്ധതികളുടെയും നിർവ്വഹണം ശരിയായ രീതിയിൽ വിലയിരുത്തപ്പെട്ടിട്ടില്ല എന്നു കാണാവുന്നതാണ്. വിവിധ വിഭാഗങ്ങളുടെ ഏകോപനം ഇല്ലാതിരുന്നതിനാൽ വളർത്തു നായകളുടെ ഉടമസ്ഥർക്കു ലൈസൻസ് ഉറപ്പാക്കുന്നതിനുള്ള

അവസരം നഷ്ടമാവുകയും ചെയ്തിട്ടുണ്ട്. വരും വർഷങ്ങളിൽ സമാന പദ്ധതികൾ നടപ്പിലാക്കുമ്പോൾ മേൽ പരാമർശിച്ച അപാകങ്ങൾ ഒഴിവാക്കി നിർവ്വഹണം കൂടുതൽ കാര്യക്ഷമമാക്കുന്നതിനു ശ്രദ്ധ ചെലുത്തേണ്ടതാണ്.

(ഓഡിറ്റ് അന്വേഷണം - 18/13.08.25)

## 1-26 മരുന്നുവാങ്ങൽ - കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും 2.84 ലക്ഷം രൂപയുടെ മരുന്നുകൾ ലഭിക്കുവാൻ അവശേഷിക്കുന്നു.

പ്രോജക്ട് നം: 15/2025

2024-25 സാമ്പത്തിക വർഷം മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ – പി.എച്ച്.സി-ക്ക് മരുന്നു വാങ്ങൽ എന്ന പദ്ധതിയ്ക്കായി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ പ്രൊഫോർമ ഇൻവോയ്സ് (നം.3331/29.01.2025) പ്രകാരം 314034 രൂപ മുൻകൂർ നൽകിയിട്ടുണ്ട്. ഇതിൽ 29680 രൂപയ്ക്കുള്ള മരുന്ന് മാത്രമാണ് ലഭിച്ചിട്ടുള്ളത്. അവശേഷിക്കുന്ന 284354 രൂപയുടെ മരുന്നുകൾ ലഭിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി (നം. 09/08.08.2025)

## 1-27 സാക്ഷരത തുല്യത പദ്ധതി - വിനിയോഗ രേഖകൾ ലഭ്യമാക്കിയില്ല

| പ്രോജക്ടിന്റെ പേര്, നം. | പത്താംതരം തുല്യത, 141/25 | ഹയർ സെക്കൻഡറി തുല്യത കോഴ്സ്, 142/25 |
|---|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.സ്കൂൾ മാന്തുക | ഹെഡ്മിസ്ട്രസ്സ്, ഗവ.യു.പി.സ്കൂൾ മാന്തുക |
| അടങ്കൽ | 18500 | 45000 |
| ഫണ്ടിനം | വികസനഫണ്ട് | വികസനഫണ്ട് |

| | | |
|---|---|---|
| | (പൊതു വിഭാഗം) | (പൊതു വിഭാഗം) |
| ചെലവ് | 11700 | 28600 |
| ബിൽ നം, തീയതി | 24050652016001614140, 21.03.2025 | 24050652016001614145, 21.03.2025 |

2024-25 സാമ്പത്തിക വർഷത്തിൽ ഹെഡ്മിസ്ട്രസ്സ് നിർവ്വഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പത്താം തരം തുല്യത, ഹയർ സെക്കൻഡറി തുല്യത എന്നീ പദ്ധതികളിലായി ആകെ 40300 രൂപ ചെലവഴിച്ചിട്ടുണ്ട്. ടി തുക പഠിതാക്കളുടെ രജിസ്ട്രേഷൻ ഫീസ്/കോഴ്സ് ഫീസ്/പരീക്ഷ ഫീസ് എന്നിവയ്ക്കായി സംസ്ഥാന സാക്ഷരതാ മിഷനിലേക്ക് 21.03.2025 തീയതിയിൽ അടവാക്കിയിട്ടുണ്ട്. എന്നാൽ ചെലവ് തുകയുടെ വിനിയോഗ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ് എൻകയറി നം14/12.08.2025). ധനവിനിയോഗ രേഖകൾ ലഭിക്കുന്നതിനായി ജില്ലാ സാക്ഷരത മിഷന് കത്ത് നല്കിയതായി നിർവഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 1-28 സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം നല്കുന്നതിനു പദ്ധതികൾ നടപ്പിലാക്കുന്നില്ല

പഞ്ചായത്ത് പരിധിയിലുള്ള 4 സർക്കാർ സ്കൂളുകളിൽ പ്രഭാത ഭക്ഷണം ആവശ്യമുള്ള കുട്ടികളുണ്ടെങ്കിലും ഇതിനായി മുൻ വർഷങ്ങളിലും, ഓഡിറ്റ് വർഷവും പദ്ധതികളൊന്നും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല. ജി.യു.പി.എസ് മാന്തുകയിൽ 200 കുട്ടികൾക്കും ജി.എൽ.പി.എസ് കൈപ്പുഴയിൽ 63 കുട്ടികൾക്കും ഗവ. ഡി.വി.എൻ.എൻ.എസ്.എസ്.എൽ. പി. എസി-ൽ 60 കുട്ടികൾക്കും ഗവ.എൽ.പി.ജി.എസ് തുമ്പമൺ നോർത്തിൽ 40 കുട്ടികൾക്കും പ്രഭാത ഭക്ഷണം ആവശ്യമുണ്ടെന്ന് നിർവഹണ ഉദ്യോഗസ്ഥൻ രേഖാമൂലം അറിയിച്ചിട്ടുണ്ട്. സർക്കാർ സ്കൂളുകളിൽ യു. പി വിഭാഗം വരെയുള്ള അർഹതപ്പെട്ട എല്ലാ വിദ്യാർത്ഥികൾക്കും പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്ന പ്രോജക്ടുകൾ ആവിഷ്കരിക്കാവുന്നതാണെന്ന് 19.04.2022-ലെ സ.ഉ(കൈ)നം.84/2022/ ത.സ്വ.ഭ.വ പദ്ധതി മാർഗ്ഗരേഖ പ്രകാരം നിഷ്കർഷിച്ചിട്ടുണ്ട്. വരും വർഷങ്ങളിൽ സ്കൂൾ കുട്ടികൾക്ക് പ്രഭാതഭക്ഷണം നൽകുന്നതിനുള്ള പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്ന വിഷയത്തിൽ ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-29 ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ - സാമൂഹിക നീതി വകുപ്പിന്റെ അംഗീകാരം ലഭ്യമായിട്ടില്ല

പഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ഉളനാട് വാർഡിൽ പ്രവർത്തിക്കുന്ന ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ (ബി.ആർ.സി.) നടത്തിപ്പിനായി 2024-25-ലെ വാർഷിക പദ്ധതിയിൽ അസി.സെക്രട്ടറിയുടെ നിർവ്വഹണ ചുമതലയിൽ പ്രോജക്ട് നം.117/25 പ്രകാരം 1457239 രൂപ ചെലവഴിച്ച് പ്രോജക്ട് നടപ്പിലാക്കിയിട്ടുണ്ട്. മാനസികവും, ബുദ്ധിപരവുമായി ബലഹീനതകൾ നേരിടുന്ന 18 വയസു കഴിഞ്ഞവർക്ക് പ്രാദേശിക പുനരധിവാസവും, തൊഴിൽ പരിശീലനവും നൽകി അവരെയും സമൂഹത്തിന്റെ മുഖ്യ ധാരയിലേക്ക് കൈപിടിച്ചുയർത്തുക എന്ന ലക്ഷ്യം വെച്ച് ആവിഷ്കരിക്കപ്പെട്ട നൂതന സംരംഭമാണ് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ. ഇതിന് ദേശീയ വികലാംഗ നിയമമനുസരിച്ചുള്ള രജിസ്ട്രേഷൻ അനിവാര്യമാണ്. നിലവിൽ 24 ഭിന്നശേഷിക്കാർക്ക് പരിചരണവും, തൊഴിൽ പരിശീലനവും സെന്റർ നൽകിവരുന്നുണ്ട്.

ബി.ആർ.സി-കളുടെ പ്രവർത്തന മാർഗ്ഗരേഖ 06.04.2013-ലെ സ.ഉ.(കൈയ്യെഴുത്ത്)നം.144/2013/ ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ളതാണ്. 07.02.2018-ലെ സ.ഉ.എം.എസ്.) നം.20/2018/ത.സ്വ.ഭ.വ നമ്പർ ഉത്തരവ് പ്രകാരം നിലവിലെ മാർഗ്ഗരേഖക്കൊപ്പം പൊതുവായി ബാധകമാകുന്ന നിബന്ധനകൾ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവുകൾ പ്രകാരം ബി.ആർ.സി-യ്ക്ക് സാമൂഹിക നീതി വകുപ്പാണ് അംഗീകാരം നല്കേണ്ടത്. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.ആർ.സി-യ്ക്ക് സാമൂഹിക നീതി വകുപ്പിന്റെ അംഗീകാരം ലഭ്യമായതിന്റെ രേഖകൾ ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി നല്കിയിരുന്നു. ഇതിന് മറുപടിയായി ഓർഫനേജ് കൺട്രോൾ ബോർഡിൽ നിന്നുള്ള രജിസ്ട്രേഷൻ രേഖകളാണ് ലഭ്യമാക്കിയത്.

ബി.ആർ.സി-യ്ക്ക് സാമൂഹിക നീതി വകുപ്പിന്റെ അംഗീകാരം ലഭ്യമാകുന്നതിനുള്ള തുടർ നടപടി സ്വീകരിക്കേണ്ടതാണ്.

## 1-30 അങ്കണവാടികളുടെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നില്ല

ഗ്രാമപഞ്ചായത്തിലെ അങ്കണവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നില്ല. അങ്കണവാടികളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ

ഓഡിറ്റ് എൻക്വയറിയുടെ (22/2025 തീയതി 14.08.25) മറുപടി പ്രകാരം, ഗ്രാമപഞ്ചായത്തിന്റെ പരിധിയിലുള്ള 30 അങ്കണവാടികളിൽ 18 എണ്ണത്തിനു മാത്രമാണ് സ്വന്തം കെട്ടിടമുള്ളത്. 11 എണ്ണം വാടകക്കെട്ടിടത്തിലും ഒരെണ്ണം വാടകരഹിതമായും പ്രവർത്തിക്കുന്നു. സ്ഥലം ലഭ്യമായിട്ടുള്ള സെന്റർ നമ്പർ 6-ന് സ്മാർട്ട് അംഗൻവാടി നിർമ്മാണത്തിന് തുടർനടപടികൾ സ്വീകരിച്ചതായും, അറ്റകുറ്റപ്പണികൾ ആവശ്യമായവയ്ക്ക് അവ ചെയ്യുന്നതിനുള്ള പ്രാരംഭനടപടികൾ ആരംഭിച്ചതായും അറിയിച്ചിട്ടുണ്ട്. കുടിവെള്ളം, ടോയ്‌ലറ്റ്, വൈദ്യുതി സൗകര്യങ്ങൾ എല്ലാ അങ്കണവാടികളിലും ലഭ്യമാണ്. വാർഷികകണക്കുകൾ പ്രകാരം കേന്ദ്രവിഹിതം 2451568 രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നു. ഈ തുക വിനിയോഗിച്ച് അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനും, വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്നവയ്ക്ക് കെട്ടിട നിർമ്മാണത്തിന് സ്ഥലം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-31 ഹെൽത്ത് ഗ്രാന്റിന്റെ വിനിയോഗം - അവലോകനം

പ്രാഥമികതല ആരോഗ്യ സംരക്ഷണ സംവിധാനം ശക്തിപ്പെടുത്തുന്നതിനും ഈ മേഖലയിലെ നിർണായക വിടവുകൾ നികത്തുന്നതിനുമാണ് പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം ഹെൽത്ത് ഗ്രാന്റ് നൽകിവരുന്നത്. നാഷണൽ ലെവൽ കമ്മിറ്റിയുടെ അംഗീകാരം ലഭിച്ച കർമ്മ പദ്ധതി പ്രകാരം നാലു സ്കീമുകളായിട്ടാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്.

സ.ഉ (സാധാ) നം. 2132/2022/LSGD; 31.08.2022 ഉത്തരവ് പ്രകാരം 2021-22-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സ.ഉ (സാധാ) നം. 1625/2023/LSGD; 09.08.2023 ഉത്തരവ് പ്രകാരം 2022-23-ലെ ആരോഗ്യ മേഖല ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും സ്കീം-1, സ്കീം-3, സ്കീം-4 എന്നിവ പ്രകാരമുള്ള ഗ്രാന്റും ലഭ്യമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 05.07.2022-ലെ PAN.11134/2021-J1(DP) നടപടി ഉത്തരവ് വഴി സ്കീം - 3 പ്രകാരമുള്ള രോഗനിർണ്ണയ സൗകര്യങ്ങൾക്കും, സ്കീം-4 പ്രകാരമുള്ള ഹെൽത്ത് & വെൽനെസ്സ് സെന്റർ എന്നിവയ്ക്കുമുള്ള അധിക തുകയും അനുവദിച്ചിട്ടുണ്ട്.

സ്കീം 3 പ്രകാരം ഗ്രാമപ്പഞ്ചായത്തുകൾക്ക് നൽകുന്ന ഗ്രാന്റ് വിനിയോഗിച്ച് ആരോഗ്യ കേന്ദ്രങ്ങളിൽ രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതും, സ്കീം 4 പ്രകാരം ഹെൽത്ത്

ആൻഡ് വെൽനസ് പ്രവർത്തനങ്ങൾ നടത്താവുന്നതുമാണ്.

കുളനട പ്രാഥമികാരോഗ്യ കേന്ദ്രത്തിനു കീഴിൽ അഞ്ച് ഉപകേന്ദ്രങ്ങളുണ്ട്. ഇവയ്ക്ക് സ്വന്തമായി കെട്ടിടവും, ലാബ് ഉൾപ്പെടെയുള്ള അനുബന്ധ സൗകര്യങ്ങളുമുണ്ട്.

ഗ്രാമപഞ്ചായത്തിന് 2022-23, 2023-24, 2024-25 സാമ്പത്തിക വർഷങ്ങളിലായി ലഭിച്ചതും ചെലവഴിച്ചതുമായ ഹെൽത്ത് ഗ്രാന്റിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**1. <u>Support For Diagnostic Infrastructure</u>**

| ഇനം | വിനിയോഗം | | |
|---|---|---|---|
| | 2022-23 | 2023-24 | 2024-25 |
| മുന്നിരിപ്പ് | 0 | 1662 | 5085 |
| വരവ് (പലിശ ഉൾപ്പെടെ) | 136613 | 372423 | 587542 |
| ആകെ | 136613 | 374085 | 592627 |
| ചെലവ് | 134951 | 369000 | 138042 |
| നീക്കിയിരിപ്പ് | 1662 | 5085 | 454585 |

**2. <u>Grant For Rural Health & Wellness Centres</u>**

| ഇനം | വിനിയോഗം | | |
|---|---|---|---|
| | 2022-23 | 2023-24 | 2024-25 |
| മുന്നിരിപ്പ് | 0 | 2071 | 12434 |
| വരവ് (പലിശ ഉൾപ്പെടെ) | 236769 | 883363 | 364578 |
| ആകെ | 236769 | 885434 | 377012 |
| ചെലവ് | 234698 | 873000 | 140464 |
| നീക്കിയിരിപ്പ് | 2071 | 12434 | 236548 |

സ്കീം-3 പ്രകാരം Support For Diagnostic Infrastructure എന്ന ഇനത്തിൽ ലഭിച്ച തുക വിനിയോഗിച്ച് ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1. ഉപകേന്ദ്രങ്ങളിലും കുടുംബാരോഗ്യ കേന്ദ്രങ്ങളിലും രോഗനിർണ്ണയ സൗകര്യങ്ങൾ ഏർപ്പെടുത്തൽ.

2. ഉപകേന്ദ്രങ്ങളിൽ 14 തരം ടെസ്റ്റുകളും പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളിൽ 64 തരം ടെസ്റ്റുകളും ഏർപ്പെടുത്തുക.

3. ഉപകരണങ്ങൾ, കിറ്റുകൾ, റീജന്റ് എന്നിവ വാങ്ങുന്നതിനും ഇവ സൂക്ഷിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക.

സ്കീം - 4 പ്രകാരം Grant For Rural Health & Wellness Centres എന്ന ഇനത്തിൽ ലഭിച്ച തുക വിനിയോഗിച്ച് ചുവടെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

1. പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ

2. ജീവനക്കാർക്കും ആശാ വർക്കേഴ്സിനും ആരോഗ്യ പ്രവർത്തകർക്കും പരിശീലനം

3. ദൈനംദിന പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങളും സാമഗ്രികളും വാങ്ങുക,

ലാബ് ഉപകരണങ്ങൾ, റീ ഏജന്റുകൾ എന്നിവ വാങ്ങിയതു കൂടാതെ, ലാബ് പ്രവർത്തിക്കുന്ന കെട്ടിടത്തിന്റെ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും തുക വിനിയോഗിച്ചിട്ടുണ്ട്.

നിലവിൽ 691133 രൂപ ചെലവഴിക്കാനവശേഷിക്കുന്നു. ലഭ്യമായ ഹെൽത്ത് ഗ്രാന്റ് മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി യഥാസമയം ഉപയോഗപ്പെടുത്തുന്നതിന് ശ്രദ്ധ പുലർത്തേണ്ടതാണ്.

## ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 മെഡിസെപ്പ് പ്രീമിയം ഒടുക്കിയതിന്റെ - വിവരങ്ങൾ

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (റഗുലർ ജീവനക്കാർ)

| ഓഡിറ്റ് വർഷത്തിലെ ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്ക്സ് |
|---|---|---|---|---|
| 20 | 120000 | 120000 | 0 | |

* 01.04.2024 മുതൽ 31.03.2025 നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ളവരുടേത് ഒഴികെ

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.04.2024 മുതൽ 30.06.2024-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച മാസം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2023 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|
| NIL | NIL | NIL | NIL | NIL | NIL |

3 . മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.07.2024 മുതൽ 31.07.2024 വരെ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതലുള്ള കുടിശ്ശിക ഈടാക്കിയിട്ടുണ്ടെങ്കിൽ ആയത് ഉൾപ്പെടെ) | മെഡിസെപ്പ് പ്രീമിയം ഇനത്തിൽ ഒടുക്കിയ തുക | ഒടുക്കാൻ ബാക്കി നിൽക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|
| 0 | | NIL | 0 | |

മെഡിസെപ്പ് പ്രീമിയം ഒടുക്ക് (01.08.2024 മുതൽ 31.03.2025-നുള്ളിൽ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള റഗുലർ ജീവനക്കാർ)

| ജീവനക്കാരുടെ എണ്ണം | സർവ്വീസിൽ പ്രവേശിച്ച | മെഡിസെപ്പ് പ്രീമിയം | മെഡിസെപ്പ് പ്രീമിയം | ഒടുക്കാൻ ബാക്കി | റിമാർക്സ് |
|---|---|---|---|---|---|

| | മാസം | ഇനത്തിൽ ഈടാക്കിയ തുക (07/2022 മുതൽ അല്ലെങ്കിൽ 07/2024 മുതലുള്ള കുടിശ്ശിക ഉൾപ്പെടെ) | ഇനത്തിൽ ഒടുക്കിയ തുക | നിൽക്കുന്ന തുക | |
|---|---|---|---|---|---|
| NIL | | NIL | NIL | | |

## 4-2 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2024-25 | 18-08-2025 & 19-08-2025 | കെ.എസ്.എ.പി.റ്റി.എ.പി11/1063/25 തീയതി: 22-09-2025 |

## 4-3 സംയുക്തപ്രോജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | ചെലവഴിച്ച തുക |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | പാലിന് സബ്സിഡി ജനറൽ | 100009 |
| | | |

| | | |
|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | വന്യമൃഗശല്യം ഒഴിവാക്കുന്നതിനുള്ള സംരക്ഷണവേലി നിർമ്മാണം | 99340 |
| ബ്ലോക്ക് പഞ്ചായത്ത് | നെൽകൃഷി വികസനം | 237495 |
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി (എസ്.സി.പി) | 440000 |
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി (ജനറൽ) | 766800 |
| ബ്ലോക്ക് പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി – ഭൂരഹിതർക്ക് ഭൂമി വാങ്ങൽ | 53095 |
| ബ്ലോക്ക് പഞ്ചായത്ത് | ഗവ. യു.പി സ്കൂൾ മാതൃകയിൽ അടുക്കള സൗകര്യം ഏർപ്പെടുത്തൽ | 490000 |
| ബ്ലോക്ക് പഞ്ചായത്ത് | ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന്റെ പ്രവർത്തനചെലവ് | 283888 |
| ബ്ലോക്ക് പഞ്ചായത്ത് | സമൃദ്ധഭവനം | 61150 |
| ബ്ലോക്ക് പഞ്ചായത്ത് | അതിദാരിദ്ര്യനിർമ്മാർജ്ജന പദ്ധതി – ഭക്ഷണം ഭക്ഷ്യ കിറ്റ് എന്നിവ ലഭ്യമാക്കൽ | 57747 |
| ബ്ലോക്ക് പഞ്ചായത്ത് | ഭിന്നശേഷി സ്കോളർഷിപ്പ് | 11600 |
| ബ്ലോക്ക് പഞ്ചായത്ത് | അങ്കണവാടി സ്മാർട്ട് ആക്കൽ-കിളിക്കൂട് | 138519 |

| | | |
|---|---|---|
| ജില്ലാ പഞ്ചായത്ത് | പാലിന് സബ്സിഡി ജനറൽ | 52987 |
| ജില്ലാ പഞ്ചായത്ത് | ലൈഫ് ഭവന പദ്ധതി-പട്ടിക വർഗ്ഗം | 100000 |
| ജില്ലാ പഞ്ചായത്ത് | ഭിന്നശേഷി സ്കോളർഷിപ്പ് | 190000 |
| ജില്ലാ പഞ്ചായത്ത് | വന്യമൃഗശല്യം ഒഴിവാക്കുന്നതിന് സംരക്ഷണവേലി | 85132 |
| ജില്ലാ പഞ്ചായത്ത് | പാലിന് സബ്സിഡി | 27292 |
| ജില്ലാ പഞ്ചായത്ത് | നെൽകൃഷി വികസനം | 432051 |
| ജില്ലാ പഞ്ചായത്ത് | പെയിൻ & പാലിയേറ്റീവ് കെയർ | 499980 |

## 4-4 നിക്ഷേപ പ്രവൃത്തികൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര്, പ്രോജക്ട് നമ്പർ | മുൻകൂർ നൽകിയ തുക | യു.സി ലഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശം | |
|---|---|---|---|---|
| | | | ചെലവഴിച്ച തുക | ബാലൻസ് |
| കെ.എസ്.ഇ.ബി | ഇലക്ട്രിക്ക് പോസ്റ്റ് ഷിഫ്റ്റിംങ്, 285/25 | 94362 | ഇല്ല | 94362 |

| | | | | |
|---|---|---|---|---|
| | സ്ട്രീറ്റ് ലൈറ്റ് മീറ്റർ സ്ഥാപിക്കൽ, 270/25 | 137588 | ഇല്ല | 137588 |
| | സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ 11/2025 | 282800 | ഇല്ല | 282800 |

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര്/ ഉദ്ദേശ്യം | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം വായ്പയെടുത്ത തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | 63,39,432 | 0 | 7,42,630 | -- | 55,96,802 |

## 4-6 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-7 സ്ഥിര നിക്ഷേപം

ഇല്ല

## 4-8 ഓഡിറ്റ് റിക്കവറി

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നമ്പർ | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ | രസീത് നമ്പർ/ തീയതി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | പേരും, ഉദ്യോഗപ്പേരും | |
| 1 | 2020-21 | 1-17 | 43420 | എലിസബത്ത് ജേക്കബ്, അക്ഷയ സെന്റർ | 1240201736/29.07.24, 1240202483/25.09.2025, 1240203156/10.10.2024 |
| 2 | 2023-24 | 1-19 | 9265 | ഷാജു ജി, കരാറുകാരൻ | 1240203656/25.11.2024 |
| 3 | 2023-24 | 1-19 | 12559 | അനൂപ് ജി, കരാറുകാരൻ | 1240203678/27.11.24 |

## 4-9 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

ഗ്രാമപ്പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ, തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| പ്രവർത്തനക്ഷമതാ ഓഡിറ്റ് റിപ്പോർട്ട് | -- | 2014-2015 | 5-7(6) | മൃഗസംരക്ഷണ മേഖലയിലെ പദ്ധതികൾ മോണിട്ടർ ചെയ്യുന്നില്ല, അസൗകര്യങ്ങൾ നിറഞ്ഞതും ശുചിത്വമില്ലാത്തതുമായ തൊഴുത്തുകൾ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

| | | | | | |
|---|---|---|---|---|---|
| ,, | -- | 2014-2015 | 5-7(7) | ICDP സബ് സെന്ററുകൾ ചോർന്നൊലിക്കുന്ന അവസ്ഥയിൽ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ് |
| ,, | -- | 2014-2015 | 5-7(9) | മൃഗാശുപത്രികൾക്ക് മരുന്നു വാങ്ങൽ പദ്ധതികൾക്കായി സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടില്ല. | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2015-2016 | 2-6 | 2016-2017 | 2 | തൊഴിൽ നികുതി പിരിവിൽ സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളുടെ പൊതു അവസ്ഥ | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |
| 2020-21 | 1-21 | 2022-23 | 4-2 | കുത്തകപ്പാട്ടത്തിന് നൽകിയ ഭൂമി അന്യാധീനപ്പെട്ടത് സംബന്ധിച്ച് | നിയമസഭാ സമിതിയുടെ പരിഗണനയിലാണ്. |

## 4-10 ചാർജ്/സർചാർജ് നടപടികളുടെ വിവരം

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 16 പ്രകാരം ചാർജ് – സർചാർജ് നടപടികൾ സ്വീകരിച്ചതിന്റെയും തുക ഈടാക്കിയതിന്റെയും പുരോഗതി വിവരം താഴെ കൊടുക്കുന്നു.

**(എ) ചാർജ് നടപടികളിലൂടെ ഈടാക്കിയ തുക**

ഇല്ല

**(ബി) സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുക**

ഇല്ല

## 4-11 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | റസീപ്റ്റ് & പേയ്മെന്റ് പ്രകാരം | ഇൻകം & എക്സ്പെൻഡിച്ചർ പ്രകാരം |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 6,63,58,649 | 15,60,13,577 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,02,21,551 | 15,63,39,754 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര – സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ) | ഇല്ല | -- |

### ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

**ഇല്ല**

### സി) തടസ്സപ്പെടുത്തിയ തുകകളുടെ വിവരം

**ഇല്ല**

### ഡി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ്) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

ഇല്ല

## 4-12 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/ തീയതി | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 2004-05 | എൽ.എഫ്.പി.റ്റി.എ-പി6-17/2009<br>തീയതി: 15-12-2009 | 1 (3-9) |
| 2007-08 മുതൽ 2010-11 വരെ | എൽ.എഫ്.പി.റ്റി.എ-പി5/19/2013<br>തീയതി: 20-07-2013 | 5 (3-5, 3-14, 3-15, 3-39,3-40) |
| 2011-12 & 2012-13 | എൽ.എഫ്.പി.റ്റി.എ-പി11/151/2014<br>തീയതി: 19-04-2014 | 4 (3-1, 3-4, 3-7, 3-12) |
| 2015-16 | കെ.എസ്.എ.പി.റ്റി.എ./പി11/67/2017<br>തീയതി: 06-02-2017 | 1 (2-6) |
| 2018-19 | കെ.എസ്.എ.പി.റ്റി.എ./പി11/782/2019<br>തീയതി: 18-09-2019 | 1 (1-23) |

| | | |
|---|---|---|
| 2019-20 | കെ.എസ്.എ.പിറ്റിഎ.പി11/511/2021<br>തീയതി: 27-08-2021 | 3 ( 1-13, 1-18, 1-25) |
| 2020-21 | കെ.എസ്.എ.പിറ്റിഎ.പി11/512/2021<br>തീയതി: 30-08-2021 | 8 (1-16, 1-17, 1-18, 1-21, 1-22,<br>1-28, 1-33, 1-35) |
| 2021-22 | കെ.എസ്.എ.പിറ്റിഎ.പി11/933/2022,<br>തീയതി: 29-10-2022 | 13<br>(1-11, 1-15, 1-16, 1-17, 1-18, 1-20,<br>1-22, 1-23, 1-24, 1-25, 1-26, 4-2, 4-10) |
| 2022-23 | കെ.എസ്.എ.പിറ്റിഎ.പി11/1146/2023,<br>തീയതി: 04-12-2023 | 14<br>(1-13, 1-14, 1-17, 1-18, 1-19, 1-20,<br>1-22, 1-25, 1-26, 1-27, 1-31, 4-2,<br>4-7, 4-10) |
| 2023-24 | കെ.എസ്.എ.പിറ്റിഎ.പി11/1029/2024,<br>തീയതി: 07-10-2024 | 16<br>(1-1-13, 1-1-4, 1-11, 1-14, 1-15,<br>1-16, 1-17, 1-18, 1-20, 1-21, 1-22, 1-24, 1-25, 1-26, 1-28, 1-30) |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട**

**Annexure-1**
**Audit Certificate**

i. I have audited the attached Financial statements approved vide resolution number 3/1 dated 3/1 dated 05-06-2025 and submitted on 09-06-2025 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2025 and Balance sheet as on 31-03-2025 , with supporting forms, of the KULANADA Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual

Financial Statements give a true and fair view of financial result for the year 2024-2025 and Financial position of KULANADA Grama Panchayat as on 31-03-2025

**Date: 22/09/2025** **Deputy Director**

**Kerala State Audit Department**

## Audit Report appended to the Audit Certificate of KULANADA Grama Panchayat for the Year 2024-2025.

### 1.Major Observations

1. The asset value shown in Balance sheet is not traceable to asset register due to unsupported design of existing asset register.

### 2.Other Observations

1. The mandatory financial statements prescribed in accounting rules such as notes to accounts and ratios are not submitted along with accounts.
2. Cash Flow Statement-Net increase in cash flow does not match with the difference between opening balance and closing balance of cash and cash equivalents.
3. Lapses have been observed in making timely and accurate demand entries in respect of tax and non tax revenues.

# അനുബന്ധം-2
# ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ കുളനട ഗ്രാമപഞ്ചായത്തിന്റെ 2024-2025 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്